164

ന്യായസംസ്കാരകേന്ദ്രത്തിന്റെ

# ജനനീതി

ഡിസംബർ 2010

3.00 ക.



ആന്ധ്രയിൽ പോളാവരം പദ്ധതി നടപ്പാക്കിയാൽ നാടു വിട്ടോടേണ്ടിവരുന്ന രണ്ടു ലക്ഷം ആദിവാസിക ളിൽപെട്ട ഒരു കുടുംബം.

# വിക്കിലീക്സ് സ്ഥാപകനെ അമേരിക്ക വേട്ടയാടുന്നു

**അ**മേരിക്കൻ സൈന്യത്തിന്റെ അതിക്രമങ്ങൾ സംബന്ധിച്ച ലക്ഷക്കണക്കിന്നു രേഖകൾ പുറത്തുവിട്ട വിക്കിലീക്സ് എന്ന പ്രസ്ഥാനത്തിന്റെ സ്ഥാപകനായ ജൂലിയൻ അസംഗെ ഇന്ന് വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്യുന്നു.

അസംഗെ ഇപ്പോൾ ഒളിവിലാണ്. ഏതു സമയത്തും അറസ്റ്റ് ചെയ്യപ്പെട്ടുവെന്നു വരാം. ഹോട്ടലുകളിൽ മുറിയെടുക്കുന്നത് കള്ളപ്പേരിലാണ്. 39 വയസ്സേ ആയിട്ടുള്ളുവെങ്കിലും തലമുടി ഡൈ ചെയ്ത് നിറം മാറ്റിയിട്ടുണ്ട്. ഹോട്ടലിൽ കട്ടിലിന്മേലല്ല, സോഫയിലോ വെറും നിലത്തോ കിടന്നാണ് ഉറങ്ങുന്നത്. ക്രെഡിറ്റ് കാർഡ് ഉപയോഗിച്ചാൽ ആളെവിടെയാണെന്ന് എളുപ്പത്തിൽ കണ്ടുപിടിക്കാൻ കഴിയുമെന്നതിനാൽ, ഇപ്പോൾ ഒരിടത്തും ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുന്നില്ല. എല്ലാ ആവശ്യങ്ങൾക്കും റൊക്കം പണം കൊടുക്കുകയാണ് ചെയ്യുന്നത്. തന്മൂലം പലപ്പോഴും സ്നേഹിതന്മാരിൽനിന്ന് കടം വാങ്ങേണ്ടിവരുന്നു.

പത്രപ്രവർത്തന രംഗത്തെ ജയിംസ് ബോണ്ട് എന്നാണ് അവരെന്നെ വിളിക്കുന്നതെന്ന് അസംഗെ, ന്യൂയോർക്ക് ടൈംസിന്ന് അനുവദിച്ച ഒരഭിമുഖത്തിൽ പറഞ്ഞു. തനിക്കിപ്പോൾ ഒരുപാട് ആരാധകരെ കിട്ടിയിട്ടുണ്ടെന്ന് അദ്ദേഹം പറയുന്നു. ഈ ആരാധകർ ചിലപ്പോൾ തന്നെ കുഴിയിൽ ചാടിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

തന്നെ രാജ്യദ്രോഹത്തിന്ന് പ്രോസിക്യൂട്ട് ചെയ്യാനാണ് അമേരിക്ക ആലോചിച്ചുവരുന്നതെന്നും, അമേരിക്കൻ ഗവർമ്മേണ്ട് അത്തരമൊരു തീരുമാനത്തിലെത്തിയാൽ ബ്രിട്ടീഷ് ഗവർമ്മേണ്ട് തന്നെ ഒറ്റിക്കൊടുക്കുമെന്നും അസംഗെ ഭയപ്പെടുന്നു. അസംഗെ ഇപ്പോൾ ലണ്ടനിലാണുള്ളത്. അഭിപ്രായ പ്രകടന സ്വാതന്ത്ര്യക്കാര്യത്തിൽ തികഞ്ഞ നിഷ്ഠയുള്ള നാടായതിനാലാണ് സ്വീഡനിലേക്ക് പോയതെന്ന് അസംഗെ പറയുന്നു. പക്ഷെ അദ്ദേഹത്തിന്നവിടെ രണ്ട് പെൺപിടുത്തക്കേസിനെ നേരിടേണ്ടിവന്നു. അതിന്റെ പിന്നിൽ അമേരിക്കൻ ഗവർമ്മേണ്ടാണെന്ന് അസംഗെ സംശയിക്കുന്നു. ഏതായാലും സ്വീഡനിൽനിന്നദ്ദേഹം ജർമ്മനിയിലേക്കും, അവിടെനിന്ന് ലണ്ടനിലേക്കും രക്ഷപ്പെട്ടു. പക്ഷെ സ്വീഡനിൽനിന്ന് ജർമ്മനിയിലേക്കുള്ള യാത്രക്കിടയിൽ അസംഗെയുടെ ബാഗും മൂന്ന് ലാപ്ടോപ്പുകളും അപ്രത്യക്ഷമായി.

അമേരിക്കൻ സൈന്യത്തിന്റെ ക്രൂര കൃത്യങ്ങൾ പുറത്തുവിടാനുള്ള വിക്കിലീക്സ് പ്രസ്ഥാനം ആരംഭിച്ചുകഴിഞ്ഞ സ്ഥിതിക്ക്, ഇനി അതിൽനിന്ന് പിൻതിരിയുന്ന പ്രശ്നമില്ലെന്ന് അസംഗെ പറഞ്ഞു. ഒരു വിട്ടുവീഴ്ചക്കും തയ്യാറില്ലെന്ന തന്റെ നിലപാട്മൂലം താൻ വല്ലാത്തൊരു പ്രതിസന്ധിയിൽ ചാടിയിരിക്കുകയാണെന്ന് അദ്ദേഹം സമ്മതിച്ചു.

ജയിലിൽ പോയാൽ രണ്ടോ മൂന്നോ ദിവസം വല്ല പുസ്തകവും വായിച്ചുകൊണ്ട് കഴിച്ചുകൂട്ടാമെന്നൊക്കെ ആദ്യം തോന്നി. പക്ഷെ കാര്യം അത്ര ലളിതമല്ലെന്ന് പിന്നീട് തോന്നും. ❑



ജനനീതി

ഡിസംബർ 2010
**164**

പത്രാധിപർ:
**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:
**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# അന്വേഷണങ്ങളെപ്പറ്റി ഒരന്വേഷണം അനിവാര്യമാണ്

**ഇ**ന്ത്യയിൽ അഴിമതിയുടെ ഒരു വെള്ളപ്പൊക്കംതന്നെ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ ഏറ്റവും ഒടുവിലത്തേത് മുംബായിലെ "ആദർശ" അഴിമതിയാണ്. (ഇത് അച്ചടിച്ചു പുറത്തുവരുന്നതിന്നുമുമ്പ് ഇതിനേക്കാൾ ഉഗ്രനായ അഴിമതിയുടെ വിവരം പുറത്തുവന്നുവെന്നുവരാം). എന്താണ് ഈ ആദർശ അഴിമതിയെന്ന് ഇപ്പോഴും വ്യക്തമല്ല. അറിയാൻ കഴിഞ്ഞത് ഇതാണ്. മുംബായിയുടെ ഹൃദയസ്ഥാനത്ത്, ചതുരശ്ര ഇഞ്ചിന് ലക്ഷങ്ങൾ തന്നെ വില വരുന്ന മേഖലയിൽ, സകല നിയമങ്ങളേയും കാറ്റിൽ പറത്തിക്കൊണ്ട്, മുപ്പത്തൊന്നു നിലകളുള്ള ഒരു ഫ്ളാറ്റ് സമുച്ചയം നിർമ്മിച്ചുവെന്നതാണ് ഒരു കേസ്. ഇന്ദ്രജാലംകൊണ്ട് പെട്ടെന്ന് ഉയർന്നുവന്ന ഒന്നല്ല ഇത്. മുപ്പത്തൊന്നു നിലകൾ പടുത്തുയർത്തുന്നതുവരെ ആരും ഒന്നും മിണ്ടാതിരുന്നതെന്തുകൊണ്ടാണെന്നു വ്യക്തമല്ല. മഹാരാഷ്ട്ര മുഖ്യമന്ത്രി ചവാന്റെ മൂന്നു ബന്ധുക്കൾക്ക് ഈ "ആദർശ"ത്തിൽ ഫ്ളാറ്റ് നൽകിയിട്ടുള്ളതാണ് കേസായത്. അമ്പുകൊള്ളാത്തവരില്ല കുരുക്കളിൽ എന്നു പറഞ്ഞതുപോലെ, ചവാനു മുമ്പ് മുഖ്യമന്ത്രിമാരായിരുന്നവരും മറ്റനേകം പ്രമാണിമാരും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. പക്ഷെ അതിലൊന്നും ആർക്കും പരാതിയുള്ളതായി കാണുന്നില്ല. ചവാന്റെ കേസ് മാത്രമാണ് ഭൂകമ്പം സൃഷ്ടിച്ചത്.

അരാണീ "ആദർശ"ത്തിന്റെ പിന്നിൽ? ഇതൊരു സൊസൈറ്റിയാണെന്നു പറയുന്നു. എന്തു സൊസൈറ്റി? കോ ഓപ്പറേറ്റീവ് സൊസൈറ്റിയാണോ? അതോ ചാരിറ്റബിൾ സൊസൈറ്റിയാണോ? ആരാണിതിന്റെ പ്രസിഡണ്ട്? ആരാണ് സെക്രട്ടറി? ചുരുങ്ങിയത് ഒരു ഡസൻ നിയമങ്ങളെങ്കിലും ലംഘി

ക്കാതെ ഈ സ്ഥലത്ത് ഒരു ആകാശ ചുംബിയെന്നല്ല, ഒരൊറ്റ നിലകെട്ടിടം പോലും നിർമ്മിക്കാനാവില്ലെന്നിരിക്കെ എങ്ങനെ ഈ ആകാശ ചുംബി ഉയർന്നുവന്നു? നാവിക സേനയുടെ നെഞ്ചത്താണ് ഈ കെട്ടിടം പണിതുയർത്തിയിരിക്കുന്നത്. ഇതിൽകുടിയേറിപ്പാർക്കാൻ ആൾക്കാർക്ക് അനുമതി നൽകുന്നതുവരെ നാവികസേന എന്തു ചെയ്യുകയായിരുന്നു? ഇപ്പോൾ എല്ലാവരും കൈമലർത്തുന്നു. "ഞാനല്ല, മറ്റവനാണ് അനുമതി നൽകിയത്" എന്നാണ് എല്ലാവരും പറയുന്നത്. ഇപ്പോൾ നടക്കുന്ന അന്വേഷണം എങ്ങുമെത്തില്ലെന്ന് എല്ലാവർക്കുമറിയാം. ഇത്തരം എത്രയെത്ര അന്വേഷണങ്ങൾ നടന്നിരിക്കുന്നു! അന്വേഷണം പൂർത്തിയാക്കി ഒരു റിപ്പോർട്ട് സമർപ്പിച്ചാൽതന്നെ എന്താണ് കാര്യം? അപ്പോഴേക്കും എല്ലാവരും മാന്യമായി റിട്ടയർ ചെയ്തിരിക്കും, പലരും ഇഹലോകത്തിൽനിന്നുതന്നെ റിട്ടയർ ചെയ്തിരിക്കും. 1992 ലെ മുംബായ് കലാപം സംബന്ധിച്ച ശ്രീകൃഷ്ണ കമ്മീഷന്റെ റിപ്പോർട്ടിന്ന് എന്താണ് സംഭവിച്ചതെന്ന് നമുക്കെല്ലാം അറിയാം.

ഈ "ആദർശ അഴിമതി" പൊട്ടിത്തെറിക്കുന്നതിന്ന് തൊട്ടുമുമ്പാണ് കോമൺവെൽത്ത് ഗെയിംസ് സംബന്ധിച്ച അഴിമതികളുടെ കഥകൾ പുറത്തുവന്നത്. എത്രായിരം കോടിയുടെ അഴിമതിയാണ് നടന്നതെന്നുപോലും നമുക്കറിയില്ല. ഗെയിംസിന്റെ പേരിൽ ഖജനാവിൽനിന്ന് 35,000 കോടിമുതൽ 70,000 കോടിവരെ ചെലവാക്കിയിട്ടുണ്ടെന്നാണ് റിപ്പോർട്ട്. ഏതായാലും ഗെയിംസിന്റെ കൊടിയിറങ്ങി പിറ്റേ ദിവസംതന്നെ പ്രധാനമന്ത്രി ഒരു അന്വേഷണത്തിന്നു കല്പന നൽകി.

ഇന്ത്യയിൽ ഇതൊരു സ്ഥിരം ഏർപ്പാടാണ്. ഭീകരമായ ഒരക്രമമോ അഴിമതിയോ നടന്നാൽ, ജനക്ഷോഭത്തെ തണുപ്പിക്കാനായി ഒരന്വേഷണ കമ്മീഷനെ നിയമിക്കും. ഇതൊരു വെറും പ്രഹസനമാണെന്ന് ബോധ്യം വന്നതിനാലാണെന്നു തോന്നുന്നു, ചീഫ് ജസ്റ്റീസുമാർ ഇപ്പോൾ ഈ കോപ്രാട്ടിത്തരത്തിന്ന് ജഡ്ജിമാരുടെ സേവനം വിട്ടുകൊടുക്കാറില്ല. അതിനാൽ ഗവർമ്മേണ്ടുകളിപ്പോൾ റിട്ടയർചെയ്ത് വീട്ടിൽ ചുരുണ്ടുകൂടി കിടക്കുന്ന വയസ്സൻ ജഡ്ജിമാരിലാരെയെങ്കിലും പിടികൂടി അന്വേഷണ കമ്മീഷനായി നിയമിക്കുകയാണ് പതിവ്. ഇത്തരം അന്വേഷണങ്ങൾ അറ്റമില്ലാതെ നീണ്ടുപൊയ്ക്കൊള്ളുമെന്നതാണ് രാഷ്ട്രീയക്കാരുടെ നേട്ടം. ബോഫേഴ്സ് കുംഭകോണക്കേസ് പഴയ തലമുറയിൽ പെട്ടവർ ഇന്നും ഓർക്കുന്നുണ്ടാകും. മുപ്പത്തിയയ്യായിരം കോടി രൂപയൊന്നും ഉൾപ്പെട്ട കേസായിരുന്നില്ല അത്. വെറും അറുപത്തിനാലു കോടി രൂപയുടെ കമ്മീഷൻ വാങ്ങിയെന്ന ലളിതമായൊരു കേസായിരുന്നു അത്. ആ കേസിന്റെ അന്വേഷണത്തിന്നുതന്നെ അറുന്നൂറ്റിനാൽപതു കോടി രൂപ ചെലവായിട്ടുണ്ടാകണം. അതിൽ പ്രതിയാക്കപ്പെട്ടവരിൽ ഇറ്റലിക്കാരനായ ക്വട്രോച്ചി മാത്രമാണ് ബാക്കിയുള്ളതെന്നു തോന്നുന്നു.

അക്രമമോ അഴിമതിയോ നടക്കുകയും ഭരണകക്ഷി അതിൽ മൂക്കോളം മുങ്ങിപ്പോകുകയും ചെയ്താൽ, ജനക്ഷോഭം ശമിപ്പിക്കാനായി ഒരന്വേഷണ കമ്മീഷനെ നിയമിക്കുക, കമ്മീഷന്ന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താതെ അന്വേഷണം കഴിയുന്നത്ര നീട്ടിക്കൊണ്ടു പോകുക, കുറെകാലം കഴിയുമ്പോൾ കമ്മീഷൻ വല്ലതുമൊരു റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുക; ആ റിപ്പോർട്ട് അലമാരയിൽ വച്ചുപൂട്ടുക; ഗത്യന്തരമില്ലാതെവന്നാൽ മാത്രം റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കുക; കമ്മീഷന്റെ നിർദ്ദേശങ്ങളെയെല്ലാം തൊടുന്യായങ്ങൾ പറഞ്ഞ് അവഗണിക്കുക – ഇതാണ് ഇന്ത്യയിൽ നടന്നുവരുന്ന അന്വേഷണങ്ങളുടെയെല്ലാം പൊതുസ്വഭാവം. ➡

ഓരോ അന്വേഷണത്തിനുവേണ്ടിയും ഖജനാവിൽനിന്ന് ചെലവാക്കുന്നത് കോടിക്കണക്കിന്നു രൂപയാണ്. അതിനാൽ അതിന്റെ വിശദാംശങ്ങൾ അറിയാൻ ജനങ്ങൾക്കവകാശമുണ്ട്. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം കേന്ദ്ര -സംസ്ഥാന ഗവർമ്മേണ്ടുകൾ എത്രകമ്മീഷനെ നിയമിച്ചു; അവ എത്രകാലം പണിയെടുത്തു; ഗവർമ്മേണ്ടിന്ന് അവ സമർപ്പിച്ച റിപ്പോർട്ടുകൾക്കെന്തുപറ്റി; അവയുടെ നിർദ്ദേശങ്ങളിൽ എന്തെല്ലാം നടപ്പാക്കി; എന്തെല്ലാം തിരസ്കരിച്ചു എന്നറിയാൻ ഒരു ഉന്നതാധികാര കമ്മീഷനെ നിയമിക്കുക എന്നത് അനിവാര്യമായ ഒരാവശ്യമാണ്. ❑

# ആദർശം വിറ്റു കാശാക്കിയ വമ്പന്മാരുടെ കഥ

**മു**ംബായിലെന്നല്ല, ഇന്ത്യയിലാകെത്തന്നെ കോളിളക്കം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന "ആദർശ ഹൗസിങ് പദ്ധതി"യെക്കുറിച്ച് ഇപ്പോഴും അധികമാർക്കും ഒന്നും അറിയില്ല. മുഖ്യമന്ത്രി ചവാന്റെ രാജിക്കിടവരുത്തിയ ഈ പദ്ധതിയുടെ മുന്നിലും പിന്നിലും ഒരുപാട് വമ്പന്മാരുണ്ട്. അതുകൊണ്ടുതന്നെ അധികമാരും അതിനെപ്പറ്റി മിണ്ടുന്നില്ല. മുംബായുടെ തെക്കെ അററത്ത്, ചതുരശ്ര സെന്റീമീറ്ററിന് കോടികൾ വിലയുള്ളപ്രദേശമാണ് കൊലാബ. അവിടെ സകല നിയമങ്ങളേയും ധ്വംസിച്ചുകൊണ്ട് മുപ്പത്തൊന്നു നിലകളുള്ള ഒരു ഫ്ളാറ്റ് സമുച്ചയം ഉയർന്നുവന്നു. എങ്ങനെ? ആർക്കുമറിയില്ല. ഫ്ളാറ്റുകളെല്ലാം വമ്പന്മാർ പങ്കിട്ടെടുത്തിരിക്കുകയാണ്. ആരാണിവർ? അതും ആരും മിണ്ടുന്നില്ല. നവമ്പർ പത്താം തിയ്യതിയിലെ "ഹിന്ദു"വിൽ മീന മേനോൻ പ്രസിദ്ധീകരിച്ചിരുന്ന ഒരു ലേഖനത്തിൽ കുറെ വിവരങ്ങളുണ്ട് അതിന്റെ ചുരുക്കമാണ് താഴെ കൊടുക്കുന്നത്.

ദേശരക്ഷാ വകുപ്പിന്റെ അധീനത്തിലുള്ള ഭൂമികളുടെ കാര്യം നോക്കുന്നതിന്നായി ഒരു എസ്റ്റേറ്റ് ഏജൻസിയുണ്ട്. അതിലെ ഒരു സീനിയർ ഓഫീസറായിരുന്ന ആർ.സി. ഠാക്കൂർ എന്നൊരാളാണ് ആദർശ് കോഓപ്പറേറ്റീവ് ഹൗസിങ് പദ്ധതിയുടെ പ്രമോട്ടർ. അന്നുതന്നെ അയാൾ ഏതോ ഭൂമിക്കേസിൽ അകപ്പെട്ടിരുന്നു. ആ കേസ് സി.ബി.ഐ.യുടെ അന്വേഷണത്തിലിരിക്കുമ്പോഴാണ് "ആദർശ" പദ്ധതി പിറവിയെടുക്കുന്നത്. ഇത് 1999 സെപ്തമ്പറിലാണ്.

മുംബായ് നഗരത്തിന്റെ തെക്കെ അറ്റത്ത്, കണ്ണായ പ്രദേശത്ത്, തുറമുഖത്തിന്ന് പിന്നിൽ, സമുദ്രത്തിന്നഭിമുഖമായി കിടക്കുന്ന മേഖലയാണ് കൊലാബ. അവിടെ കുറച്ചു ഭൂമി അനുവദിച്ചുകിട്ടാനാണ് സംഘം അപേക്ഷ സമർപ്പിച്ചത്. 2003 ആഗസ്തിൽ തന്നെ ഇന്ത്യൻ എക്സ്പ്രസ്സിലെ സമർ ഹലാരങ്കാർ ഇതിന്റെ പിന്നിലുള്ള കള്ളക്കളികൾ പുറത്തുകൊണ്ടുവന്നിരുന്നു. അന്നത്തെ അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ നിന്നുള്ള ഒരു വാചകം ഇതാണ്. "ഇന്ത്യൻ നാവികസേനാധിപന്നും ഒരു ശിവസേനാ എം.എൽ.എ. ക്കും സി.ബി.ഐ. യുടെ അന്വേഷണത്തിന്ന് വിധേയനായിരിക്കുന്ന ഒരു ഉദ്യോഗസ്ഥന്നും കുറെ ഐ.എ.എസ്. ഓഫീസർമാർക്കും ഒരു ലോക്കൽ സൈനിക കമാൻഡർക്കും കാർഗിൽ വീരന്മാർക്കും പൊതുവായുണ്ടാകുന്നത് എന്തായിരിക്കും?"

ഈ ചോദ്യത്തിന്ന് അന്നാരും മറുപടി പറഞ്ഞില്ല. അന്നു സുശീൽ കുമാർ ഷിൻഡേ ആയിരുന്നു മുഖ്യമന്ത്രി. ഷിൻഡേക്കുമുമ്പ് മുഖ്യമന്ത്രിയായിരുന്ന

വിലാസ് റാവു ദേശ്മുഖിന്റെ കാലത്ത് പറ്റിച്ച പണിയാകും എന്നാണ് മുഖ്യമന്ത്രിയുടെ ഓഫീസിലുള്ളവർ പറഞ്ഞത്. വാസ്തവത്തിൽ ഷിൻഡേ മുഖ്യമന്ത്രിയായിരുന്ന കാലത്ത് 2004 ജൂലായ് 9ന്നാണ് ആദർശിന്ന് ഭൂമി അനുവദിച്ചത്. അന്ന് "ആദർശിൽ" തൊട്ടെണ്ണം ഇരുപത് അംഗങ്ങളേ ഉണ്ടായിരുന്നുള്ളു.

തനിക്ക് ആദർശക്കാരുമായി ഒരിടപാടുമില്ലെന്നും താനവരെ കണ്ടിട്ടേയില്ലെന്നും മുഖ്യമന്ത്രി ചവാൻ പറയുന്നുണ്ടെങ്കിലും, വിവരാവകാശ നിയമ പ്രകാരം ശേഖരിച്ച ഒരു രേഖക്ക് മറിച്ചൊരു കഥയാണ് പറയാനുള്ളത്. 2002 ജൂൺ 2ന്ന് ചീഫ് പ്രമോട്ടർ ഒപ്പിട്ട ഒരു കത്ത് അന്ന് റവന്യൂ മന്ത്രിയായിരുന്ന ചവാന്ന് സമർപ്പിച്ചിരുന്നു. അതിൽ പറയുന്നു: 2000 ജനുവരി 3ന്ന് ഞങ്ങളയച്ച കത്തു പ്രകാരവും 2000 ജൂൺ 2ന്ന് സഹകരണ സംഘം ഭാരവാഹികളോടൊപ്പം താങ്കളുടെ ഓഫീസിൽ വന്നു സംസാരിച്ച പ്രകാരവും താഴെ പറയുന്ന കാര്യങ്ങൾ താങ്കളുടെ പരിഗണനക്ക് സമർപ്പിക്കുന്നു.

ഈ കത്തിലാണ് ദേശരക്ഷാ വിഭാഗത്തിൽ പെടാത്ത സിവിലിയന്മാർക്ക് ഫ്ളാറ്റുകളിൽ 40 ശതമാനം നീക്കിവയ്ക്കാമെന്ന് ആദർശക്കാർ പറയുന്നത്. ഈ സഹകരണസംഘം കാർഗിൽ വീരന്മാർക്കുവേണ്ടിയുള്ളതാണെന്ന് ആദ്യമായി സമ്മതിക്കുന്നതും ഈ കത്തിലാണ്. എന്നാൽ ആകെയുള്ള 103 ഫ്ളാറ്റുകളിൽ 37 എണ്ണം മാത്രമേ ദേശരക്ഷാ വിഭാഗത്തിൽ പെട്ടവർക്കായി അനുവദിച്ചിട്ടുള്ളൂ. ഇതിൽ വെറും മൂന്നു പേർക്കുമാത്രമാണ് കാർഗിൽ യുദ്ധവുമായി ബന്ധമുള്ളത്.

ഇതിന്നിടയിൽ സൊസൈറ്റിയും സംസ്ഥാന ഗവർമ്മേണ്ടും തമ്മിലും, സംസ്ഥാന ഗവർമ്മേണ്ടും കേന്ദ്ര പരിസ്ഥിതി വകുപ്പും തമ്മിലും ഒരുപാട് കത്തിടപാടുകൾ നടന്നിട്ടുണ്ട്. അതിൽ പലതും തനി ബഡായികളായിരുന്നു. സമുദ്ര തീരത്ത് കെട്ടിടം നിർമ്മിക്കാൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി കാര്യാലയം, അനുമതി നൽകിയിട്ടുണ്ടെന്ന് സൊസൈറ്റിക്കാർ ഒരു കത്തിൽ അവകാശപ്പെട്ടിരുന്നു. (അതു നുണയാണെന്ന് ഇപ്പോൾ തെളിഞ്ഞിട്ടുണ്ട്) സമുദ്രതീരത്ത് മുപ്പത് മീറ്ററിലധികം ഉയരമുള്ള കെട്ടിടം നിർമ്മിക്കാൻ പാടില്ലെന്നാണ് നിയമം. എന്നാൽ 97 മീറ്റർ വരെ ഉയരത്തിൽ കെട്ടിടം നിർമ്മിക്കാൻ അംബരചുംബി കമ്മിറ്റി അനുമതി നൽകി. പിന്നീടത് 103 മീറ്ററാക്കി മാറ്റി. "ആദർശ" സൗകര്യത്തിന്നനുസൃതമായി പല നിയമങ്ങളും മാറ്റി മറിച്ചിട്ടുമുണ്ട്. ഈ ഭൂമി ആദ്യം ട്രാൻസിറ്റ് ക്യാമ്പ് എന്ന ഗണത്തിൽ പെട്ടതായിരുന്നു. പിന്നീടത് പരേഡ് ഗ്രൗണ്ടാക്കി. അവസാനം അധിവാസ മേഖല എന്ന ഗണത്തിലേക്കും മാറ്റി. ഈ വിക്രിയകൾ നടത്തിയവർക്കെല്ലാം ആദർശിൽ ഫ്ളാറ്റ് കിട്ടിയിട്ടുമുണ്ട്. ആദർശ് സംബന്ധിച്ച ഫയലുകളിൽ ഒപ്പിട്ടവരെല്ലാം ഇപ്പോൾ അതു നിഷേധിച്ചുകൊണ്ടിരിക്കുകയാണ്.

ഈ "ആദർശ" ആകാശ ചുംബി പടുത്തുയർത്തിയത് റവന്യൂ ഭൂമിയിലാണോ സൈനിക ഭൂമിയിലാണോ എന്ന കാര്യത്തിൽ ഇപ്പോഴും തർക്കം തുടരുകയാണ്. പട്ടാളക്കാർ റവന്യൂ ഭൂമി കയ്യേറിയതാണെന്ന് മുഖ്യമന്ത്രി ചവാൻ ഒരിക്കൽ പറയുകയുണ്ടായി. ഏതായാലും നാവിക താവളത്തിന്ന് തൊട്ടടുത്താണ് ഈ ആകാശ ചുംബി ഉയർന്നുവന്നിരിക്കുന്നത് എന്നതിൽ സംശയമില്ല. നാവികസേനയുടെ പ്രതിഷേധമാണ് പത്തുകൊല്ലത്തെ പഴക്കമുള്ള ഈ അഴിമതിക്കൂമ്പാരത്തെ പുറത്തുകൊണ്ടുവന്നത് എന്നതിലും തർക്കമില്ല. പക്ഷെ ഇതിന്നെല്ലാം ചൂട്ടു പിടിച്ചവർ ആരെല്ലാമാണെന്ന് ഇപ്പോഴും വ്യക്തമല്ല. ഒരു സി.ബി.ഐ. അന്വേഷണത്തിന്ന് ദേശരക്ഷാമന്ത്രി എ.കെ. ആന്റണി കല്പന നൽകിയിട്ടുണ്ടെങ്കിലും ഈ വമ്പന്മാരെ തൊടാൻ ആരെങ്കിലും ധൈര്യപ്പെടുമെന്ന് തോന്നുന്നില്ല.




കുറച്ചുകാലം കഴിയുമ്പോൾ, ഇതിനേക്കാൾ വലിയ അഴിമതി ഏതെങ്കിലും പുറത്തുവരും. അപ്പോൾ "ആദർശി"ന്റെ കാര്യം ജനങ്ങൾ മറക്കും. അഴിമതിക്കാർക്കുള്ള ഏറ്റവും വലിയ രക്ഷാകവചം അതാണ്. ❑

# ജഡ്ജിമാരുടെ നിയമനം: രശ്മി നടത്തുന്ന പോരാട്ടം

**- കുനാൽ മജുംദാർ -**

നിയമ പരീക്ഷയിൽ സ്വർണമെഡൽ നേടി പാസായ യുവതിയാണ് രശ്മി നന്ദ. ഛത്തീസ്ഗഡിൽ സിവിൽ ജഡ്ജിമാരുടെ അറുപത് തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ, ഒരു കയ്യു നോക്കാമെന്ന് 33 വയസ്സുള്ള രശ്മി തീരുമാനിച്ചു. ന്യായാധിപനാകാനുള്ള തന്റെ മോഹം നീതിക്കുവേണ്ടിയുള്ള ഒരു പോരാട്ടത്തിലാണ് ചെന്നു കലാശിക്കുക എന്ന് അപേക്ഷ സമർപ്പിക്കുമ്പോൾ രശ്മി കരുതിയിരുന്നില്ല.

ജഡ്ജിമാരുടെ നിയമനത്തിനുള്ള 2008 ലെ പരീക്ഷയിൽ താൻ തോറ്റതായിട്ടാണ് രശ്മി കണ്ടത്. അതവർക്ക് വിശ്വസിക്കാനായില്ല. അവർ വിവരാവകാശ നിയമപ്രകാരം, പരീക്ഷയിൽ പാസായെന്നു പറയുന്നവരിൽ 25 പേരുടെ ഉത്തരക്കടലാസിന്നുവേണ്ടി ഒരപേക്ഷ സമർപ്പിച്ചു. ഉത്തരക്കടലാസുകളെല്ലാം യഥാസമയം വന്നുചേർന്നപ്പോൾ അവർ അമ്പരന്നുപോയി.

ജഡ്ജിമാരായി നിയമനം ലഭിച്ചവരിൽ മിക്കവരും ജഡ്ജിമാരുടേയോ രാഷ്ട്രീയ നേതാക്കന്മാരുടേയോ ഉദ്യോഗസ്ഥ പ്രമുഖരുടേയോ മകനോ മകളോ അടുത്ത ബന്ധുക്കളോ ആയിരുന്നു. പല ഉത്തരക്കടലാസുകളിലും കൃത്രിമങ്ങൾ കാണിച്ചിട്ടുള്ളതായും രശ്മി കണ്ടെത്തി. ചില സാമ്പിളുകൾ താഴെ ചേർക്കുന്നു:

വിഭ പാണ്ഡെ: ബിലാസ്പൂരിലെ സിവിൽ ജഡ്ജിയായി ഇതിന്നകം തന്നെ നിയമിക്കപ്പെട്ടുകഴിഞ്ഞ ആളാണ് വിഭ. ജഡ്ജിമാരുടെ നിയമനത്തിന്നുള്ള പരീക്ഷ നടത്തിയ കമ്മിറ്റിയുടെ ചെയർമാൻ കൂടിയായ ജ. ധീരേന്ദ്ര മിശ്രയുടെ ജൂനിയറായി പ്രവർത്തിച്ചിരുന്ന ആളാണ് വിഭ. സംസ്ഥാന നിയമകാര്യ സെക്രട്ടറിയായ രാധേശ്യാം ശർമ്മയുടെ മകളുമാണ് അവർ. വിഭയുടെ ഉത്തരക്കടലാസിൽ മാർക്ക് അക്കത്തിൽ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഉത്തരക്കടലാസുകളിൽ മാർക്ക് അക്കത്തിലും അക്ഷരത്തിലും എഴുതണമെന്നത് നിയമമാണ്. മാർക്ക് അക്കത്തിൽ മാത്രം എഴുതിയാൽ കൃത്രിമം കാണിക്കാൻ പറ്റും. അതുകൊണ്ടാണ് മാർക്ക് അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തണമെന്ന് വ്യവസ്ഥ വച്ചിരിക്കുന്നത്. മാർക്ക് അക്ഷരത്തിൽ എഴുതിയാൽ കൃത്രിമം കാണിക്കുക വിഷമമാണ്. ഈ നിയമമൊക്കെ കാറ്റിൽ പറത്തിയിരിക്കുകയാണിവിടെ.

അഭിഷേക് ശർമ്മ: മേൽപറഞ്ഞ വിഭയുടെ സഹോദരനാണ് അഭിഷേക്. ഇദ്ദേഹത്തിന്റെ ഉത്തരക്കടലാസിലും കൃത്രിമം കാണിച്ചതിന്റെ ലക്ഷണമുണ്ട്. 15 മാർക്കിന്നുള്ള ഒരു ചോദ്യത്തിന്ന് അഭിഷേകിന്ന് ആദ്യം ലഭിച്ചത് ആറു മാർക്ക് മാത്രമാണ്. പിന്നീട് ഒരു മൂന്നു മാർക്ക് കൂടി കൂട്ടി കൊടുത്തതായി കാണുന്നുണ്ട്. ഇദ്ദേഹത്തിന്റെ ഉത്തരക്കടലാസിലും മാർക്ക് അക്കത്തിൽ മാത്രമേ എഴുതിയിട്ടുള്ളൂ; അക്ഷരത്തിൽ എഴുതിയിട്ടില്ല. പരമാവധി 15 മാർക്ക് നൽകാവുന്ന ഇന്റർവ്യൂവിൽ അഭിഷേകിന്ന് ഒമ്പതുമാർക്കും നൽകിക്കാണുന്നുണ്ട്. ഇദ്ദേഹത്തിന്ന് ഇപ്പോൾ ലഭിച്ചിട്ടുള്ളതിനേക്കാൾ ഒരു മാർക്ക് കുറവാണ് ലഭിച്ചിരുന്നതെങ്കിൽ ഇദ്ദേഹം വിജയികളുടെ ലിസ്റ്റിൽനിന്ന് പുറത്താകുമായിരുന്നു.

➡

ജ്യോതി അഗർവാൾ: മുൻ നിയമകാര്യമന്ത്രി വ്രജ മോഹൻ അഗർവാളിന്റെ മരുമകളാണ് ജ്യോതി. അവരുടെ ഉത്തരക്കടലാസിലും കൃത്രിമം കാണിച്ചിട്ടുണ്ട്. സിവിൽ വിഷയങ്ങൾ സംബന്ധിച്ച ഒരു ചോദ്യത്തിന്റെ ഒന്നാം ഭാഗത്തിന്ന് ലഭിച്ചത് രണ്ടുമാർക്കായിരുന്നു. അത് പത്തുമാർക്കാക്കി തിരുത്തിയിട്ടുണ്ട്. ഇതിന്റെ രണ്ടാം ഭാഗത്തിന്നു ലഭിച്ച ഏഴുമാർക്ക് 20 മാർക്കായി തിരുത്തിയതായും കാണുന്നു.

വിഭ, അഭിഷേക്, ജ്യോതി എന്നിവരുടെ ഉത്തരക്കടലാസുകളിൽ മാത്രമല്ല തിരുത്തൽ കാണുന്നത്. രശ്മിയുടെ കേസിൽ തെളിവായി ഹാജരാക്കപ്പെട്ട ഉത്തരക്കടലാസുകൾ വേറേയും പലതുമുണ്ട് ഭോപ്പാൽ അഡീഷനൽ ജില്ലാ ജഡ്ജി ഷീത്ല പ്രസാദ് ശുക്ലയുടെ മകൾ കിരൺ ശുക്ല, ഉമേരിയ അഡീഷനൽ ജില്ലാജഡ്ജി ബ്രഹ്മശങ്കർ ദീക്ഷിതിന്റെ പുത്രൻ ആനന്ദ് പ്രസാദ് ദീക്ഷിത്, ബി.ജെ.പി. നേതാവായ ദിലീപ് സിങ് ജുദേവോവിന്റെ മരുമകൾ ഉദയ ലക്ഷ്മി പാർമർ, റീവാ ജില്ലാ ജഡ്ജി എൽ. എൽ. ശുക്ലയുടെ മരുമകൻ അഭിനാശ് ത്രിപാഠി എന്നിവരുടെ ഉത്തരക്കടലാസുകളും രശ്മി തെളിവായി ഹാജരാക്കിയിട്ടുണ്ട്.

കേസ് തെളിയിക്കുക എന്നത് വിഷമകരമായൊരു കാര്യമാണെങ്കിലും നീതിക്കുവേണ്ടി താൻ അങ്ങേയറ്റംവരെ പോരാടുമെന്ന് രശ്മി പറയുന്നു. ❑

# പോലീസിലെ വേട്ടനായകൾ ഓമനകുട്ടപ്പന്മാരാകുമ്പോൾ

**- രാജേശ് അഹൂജ -**

ഇന്ത്യയിലെ ഉഗ്രൻ കുറ്റാന്വേഷണ വിഭാഗമായ സി.ബി.ഐ. അധികാരികളുടെ താളത്തിനൊത്തു തുള്ളുന്നവരാണെന്നതിന്ന് കൂടുതൽ തെളിവുകൾ, ഇതാ ഈ വഴിക്കൊന്നു വന്നോളൂ. ദൽഹിയോട് തൊട്ട് ഉത്തർപ്രദേശ് അതിർത്തിയിൽ കിടക്കുന്ന "ന്യൂ ഓഖ്ല ഇൻഡസ്ട്രിയൽ അഥോറിറ്റി" (നോയ്ഡ) യിൽ നടന്ന ഭൂമി കുംഭകോണത്തിലെ വമ്പന്മാരെയെല്ലാം ഒഴിവാക്കി സി.ബി.ഐ. രണ്ടു പാവത്താന്മാരെ പിടികൂടി കേസെടുത്തിരിക്കുകയാണ്. തെളിവു നശിപ്പിച്ചുവെന്നും, രേഖകളിൽ കൃത്രിമം കാണിച്ചുവെന്നുമാണ് ഇവർക്കെതിരായുള്ള കേസ്. ആർക്കുവേണ്ടിയാണ് ഇവരിത് ചെയ്തത് എന്നത് സി.ബി.ഐ. യുടെ അന്വേഷണ പരിധിയിൽ വരുന്നില്ല. കാരണം അവരൊക്കെ വമ്പന്മാരാണെന്നതുതന്നെ.

നോയ്ഡയിൽ അധിവാസ മന്ദിരങ്ങൾ നിർമ്മിക്കുന്നതിന്ന് 1250 പ്ലോട്ടുകൾ അനുവദിക്കാൻ തീരുമാനിക്കുന്നു. ഈ പ്ലോട്ടുകൾ ആർക്കെല്ലാം അനുവദിക്കണമെന്ന് തീരുമാനിക്കുന്നത് നറുക്കെടുപ്പിലൂടെയാണ്. അതിൽ കൃത്രിമമൊന്നും വരാതിരിക്കാൻ നറുക്കെടുപ്പിന്ന് കമ്പ്യൂട്ടർ സംവിധാനമാണ് ഉപയോഗിച്ചത്. ടാറ്റ കൺസൽട്ടൻസി സർവ്വീസ് പോലെയുള്ള പ്രശസ്തമായ സ്ഥാപനങ്ങളെ ഒഴിവാക്കി, ആരും കേട്ടിട്ടില്ലാത്ത ഒരു സ്ഥാപനമായ യു.പി. ഡെവലപ്പ്മെന്റ് സിസ്റ്റത്തെയാണ് നറുക്കെടുപ്പിന്ന് ഏർപ്പാടാക്കിയത്.

2005 ജൂലായ് 2ന്നായിരുന്നു നറുക്കെടുപ്പ്. നറുക്കെടുപ്പിന്റെ ഫലം പുറത്തു വന്നപ്പോൾ ദൽഹിയിലേയും യു.പി.യിലേയും കുറെ വമ്പന്മാർക്കും അവരുടെ ബന്ധുക്കൾക്കുമാണ് പ്ലോട്ടുകളിലധി

കവും കിട്ടിയതെന്ന് കണ്ടു. രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥ പ്രമുഖരും മാത്രമല്ല, ചില വൻകിട പത്രങ്ങളിലെ ജർണലിസ്റ്റുകളും ഭാഗ്യവാന്മാരുടെ പട്ടികയിൽ കാണപ്പെട്ടു. ഇന്ത്യൻ ചീഫ് ജസ്റ്റീസായിരുന്ന ജ. സഭർവാളിന്റെ പുത്രന്റെ ഭാര്യയായ ഷീബ സഭർവാൾ, സമാജ്‌വാദി ജനറൽ സെക്രട്ടറിയായിരുന്ന അമർസിങ്ങിന്റേയും ഐ.എ.എസ്. ഉദ്യോഗസ്ഥനായ ദീപ്തി വിലാസിന്റേയും ഭാര്യമാർ, നോയ്ഡയിലെ പോലീസ് മേധാവി, ഘാസിയാബാദ് ജില്ലാ മജിസ്ട്രേട്ട് എന്നിവരെല്ലാം ഭാഗ്യവാന്മാരുടെ പട്ടികയിൽ പെടുന്നു.

തെഹൽക ഈ നറുക്കെടുപ്പിന്റെ രേഖകൾ അന്വേഷിച്ച് കണ്ടുപിടിച്ചു. പ്ലോട്ടുകൾക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തിയ്യതി 15 ദിവസം കണ്ട് നീട്ടിക്കൊടുത്തിരുന്നു. ഇങ്ങനെ നീട്ടിക്കിട്ടിയ അവസരത്തിലാണ് വലിയൊരു ഭാഗം അപേക്ഷിച്ചിരിക്കുന്നത്. കമ്പ്യൂട്ടറിലാണ് നറുക്കെടുപ്പ് നടത്തിയതെങ്കിലും പ്ലോട്ടുകൾ അനുവദിച്ചുകിട്ടിയവരുടെ ക്രമനമ്പർ, തുടർച്ചയായുള്ളതാണെന്നും കണ്ടെത്തി. അപേക്ഷിച്ചവരിൽ മൂന്നിൽ രണ്ടുഭാഗവും നീട്ടിക്കിട്ടിയ 15 ദിവസത്തിന്നിടയിലാണ് അപേക്ഷിച്ചിരിക്കുന്നതെന്നും കാണാനിടയായി. ചിലരുടെ ഇരട്ടപ്പേർ നോക്കുമ്പോൾ അവർ ബന്ധുക്കളാണെന്നു തോന്നുന്നുണ്ട്. അപേക്ഷകരിൽ ആറുപേരെങ്കിലും അവരുടെ മേൽവിലാസമായി ചേർത്തിരിക്കുന്നത് ഫ്ളെക്സ് ഇൻഡസ്ട്രീസിന്റെ ഓഫീസാണെന്നു മാത്രമല്ല അവർ കെട്ടിവച്ച മാർജിൻമണി ഫ്ളെക്സ് ഇൻഡസ്ട്രീസ് മേധാവി അശോക് ചതുർവേദിയുടെ പേഴ്സനൽ എക്കൗണ്ടിൽ നിന്നാണെന്നും കണ്ടു. ചതുർവേദിയുമായി ബന്ധപ്പെടാൻ തെഹൽക്ക പലതവണ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല.

അത്ഭുതകരമെന്നു പറയട്ടെ, പ്ലോട്ട് അനുവദിച്ചു കിട്ടിയവരിൽ അധികംപേരെയൊന്നും സി.ബി.ഐ. ചോദ്യം ചെയ്തിട്ടില്ല. ഈ കേസിൽ ഒരാളെപ്പോലും അവർ അറസ്റ്റ് ചെയ്തിട്ടുമില്ല. ഈ കേസ് അല്ലാഹാബാദ് ഹൈക്കോടതിയിൽ വന്നപ്പോൾ, ടാറ്റ കൺസൽട്ടൻസിയെ ഒഴിവാക്കി ഊരും പേരുമില്ലാത്ത ഒരു സ്ഥാപനത്തെ നറുക്കെടുപ്പിന്നു നിയോഗിച്ചതെന്താണെന്ന ചോദ്യം വന്നു. അതിന്നു മറുപടി കിട്ടാത്തതിനാലാണ് ഹൈക്കോടതി ഈ പ്രശ്നം സി.ബി.ഐ.ക്ക് വിട്ടത്. ആകെ ബഹളമായപ്പോൾ നറുക്കെടുപ്പ് റദ്ദാക്കാൻ അധികൃതർ നിർബ്ബന്ധിതരായി.

ഇനിയാണ് തമാശ. നോയ്ഡ അഥോറിട്ടി സുപ്രീംകോടതിയിൽ ഒരു അപ്പീൽ സമർപ്പിക്കുന്നു. ഹർജി കിട്ടിയപാടെ 2005 നവമ്പർ 11ന് സുപ്രീംകോടതി സി.ബി.ഐ. യുടെ അന്വേഷണമെല്ലാം സ്റ്റേ ചെയ്യുന്നു. ആ സ്റ്റേ വെട്ടിയിട്ട മരംപോലെ അവിടെ അങ്ങനെ കിടക്കുന്നു. സമാജ്‌വാദി നേതാവായ മുലായം സിങ് മുഖ്യമന്ത്രിപദത്തിലിരുന്നിടത്തോളം കാലം, 2007 മേയ് 11 വരെ അതവിടെ കിടന്നു ചിതൽതിന്നു. മുലായം സിങ്ങിനെത്തുടർന്ന് അധികാരത്തിൽ വന്നത് ബി.എസ്.പി. നേതാവായ മായാവതിയാണ്. സുപ്രീം കോടതിയിലെ അപ്പീൽ പിൻവലിക്കാൻ മായാവതി നോയ്ഡ അഥോറിട്ടിക്ക് നിർദ്ദേശം നൽകുന്നു.

2008 ജനുവരിയിൽ സി.ബി.ഐ. വീണ്ടും സജീവമായി അവർ ലഖ്നൗ, നോയ്ഡ, ഘാസിയാബാദ്, മീറത്ത് എന്നിവിടങ്ങളിലായി ഇരുപത് സ്ഥലങ്ങളിൽ മിന്നൽ പരിശോധന നടത്തി. നോയ്ഡ ഭരണാധികാരികളുടേയും നറുക്കെടുപ്പു നടത്തിയ സ്ഥാപനവുമായി ബന്ധപ്പെട്ടവരുടേയും വീടുകളിലും ഓഫീസുകളിലുമാണ് മിന്നൽ പരിശോധന നടന്നത്.

പക്ഷെ അപ്പോഴേക്കും ദൽഹിയിലെ കാറ്റ് മാറി വീശാൻ തുടങ്ങിയിരുന്നു. ➡

അമേരിക്കയുമായി അണുശക്തി കരാറുണ്ടാക്കാനുള്ള പ്രധാനമന്ത്രി മൻമോഹൻസിങ്ങിന്റെ ശ്രമത്തെ തുടർന്ന് ഇടതുമുന്നണി സർക്കാരുമായി ഇടഞ്ഞു കഴിഞ്ഞിരുന്നു. മൻമോഹൻസിങ്ങിന്റെ ഗവർമ്മേണ്ടിന്നു നിലനിൽക്കാൻ സമാജ് വാദി പാർട്ടിയുടെ പിന്തുണ അത്യാവശ്യമായിത്തീർന്നു. അതിനാൽ സി.ബി.ഐ. യുടെ അന്വേഷണം വീണ്ടും സ്തംഭനാവസ്ഥയിലായി.

2009 ൽ ലോകസഭാ തിരഞ്ഞെടുപ്പിന്ന് തൊട്ടുമുമ്പ് സി.ബി.ഐ. ക്ക് വീണ്ടും അനക്കംവച്ചു. സമാജ്‌വാദി പാർട്ടിയുടെ മേൽ ഒരു "പിടി" നിലനിർത്തുന്നതിന്നായിരുന്നു ഇതെന്ന് നിരീക്ഷകർ കരുതുന്നു. എലി, പുലി. ഊററാമ്പുലി എന്നു പറയുന്നതുപോലെ സി.ബി.ഐ. അവസാനം ഘാസിയാബാദിലെ ഒരു കോടതിയിൽ ഒരു കുറ്റപത്രം സമർപ്പിച്ചു. വമ്പന്മാരെല്ലാം കുറ്റപത്രത്തിനു പുറത്താണിപ്പോൾ. നറുക്കെടുപ്പു നടത്തിയ സ്ഥാപനത്തിന്റെ മാനേജരായ രമാശങ്കർ സിങ്, ഒരു സോഫ്റ്റ്‌വെയർ കൺസൽട്ടന്റായ ആലോക്‌സിങ് എന്നീ രണ്ടുപേർ മാത്രമാണ് ഹിമാലയ സദൃശമായ ഈ അഴിമതിക്കേസിലെ പ്രതികൾ. നറുക്കെടുപ്പിൽ കൃത്രിമം കാണിച്ചുവെന്നതാണ് ഈ പാവങ്ങൾക്കെതിരായ കേസ്. ആർക്കെല്ലാം വേണ്ടിയാണോ ഇവർ കൃത്രിമം കാണിച്ചത് അവരെല്ലാം കുറ്റപത്രത്തിന്നു പുറത്താണ്.

ലോകത്തിലെ ഏറ്റവും പ്രശസ്തമായ കുറ്റാന്വേഷണ ഏജൻസികളിലൊന്നായ സി.ബി.ഐ. യുടെ ഗതികേടൊന്ന് ഓർത്തുനോക്കൂ. വേട്ടപ്പട്ടിയെ ഓമനപട്ടിയാക്കാൻ നമ്മുടെ ഭരണാധികാരികൾക്കുള്ള കഴിവ് അസാമാന്യം തന്നെയാണ്! ❏

# ഹൈക്കോടതിയുടെ വിലക്കിന്ന് സുപ്രീംകോടതിയുടെ സ്റ്റേ

**- നിത്യാനന്ദ് ജയരാമൻ -**

ഇന്ത്യയിലെ ഏതുകോടതിയിലായാലും അസാമാന്യമായ ക്ഷമാശീലമുള്ളവർക്കേ നീതി ലഭിക്കൂ. ചിലപ്പോൾ ഒരായുഷ്കാലം മുഴുവൻ കാത്തിരിക്കേണ്ടി വരും.

തമിഴ്നാടിന്റെ തെക്കു ഭാഗത്തു കിടക്കുന്ന ചെറിയൊരു തുറമുഖ നഗരമാണ് തൂത്തുക്കുടി. അവിടത്തെ ജനങ്ങൾ നീതിക്കുവേണ്ടി പതിനാലുകൊല്ലം മുമ്പ് ഒരുഹർജി ഫയൽ ചെയ്തു. സകലവിധ നിയമങ്ങളും ലംഘിച്ചുകൊണ്ട് അവിടെ പ്രവർത്തിച്ചുവരുന്ന ഒരു ചെമ്പു ഫാക്ടറിക്കെതിരായിട്ടായിരുന്നു കേസ്. കേസ് അതിലളിതമാണെങ്കിലും കഴിഞ്ഞ സെപ്തംമ്പർ 29നാണ് മദ്രാസ് ഹൈക്കോടതി ഫാക്ടറി പൂട്ടാൻ കല്പിച്ചത്. ഈ വിധി വന്ന് രണ്ടു ദിവസത്തിന്നകം വിധി സ്റ്റേ ചെയ്തുകൊണ്ട് സുപ്രീം കോടതിയുടെ കല്പന വന്നു. നീതിക്കുവേണ്ടി ഇനി എത്രകാലം കാത്തിരിക്കേണ്ടിവരുമെന്ന് ജനങ്ങൾ അമ്പരന്നു നിൽക്കുകയാണിപ്പോൾ.

800 കോടി ഡോളറിന്റെ ആസ്തിയുള്ള ബ്രിട്ടീഷ് കമ്പനിയായ വേദാന്തയുടെ പ്രധാന കീഴ് ഘടകമാണ് സ്റ്റെർലൈറ്റ് കമ്പനി. അവരാണ് തൂത്തുക്കുടിയിൽ ചെമ്പുരുക്കുന്ന ഫാക്ടറി ആരംഭിച്ചത്. ഇന്ത്യാ ഗവർമ്മേണ്ട് ഇരുപതു കൊല്ലം മുമ്പ് ഉദാരവൽക്കരണ - സ്വകാര്യ വൽക്കരണ നയങ്ങൾ കൈവരിച്ച കാലത്ത് ആരംഭിച്ച അതിക്രമങ്ങ

ളുടെ വെള്ളപ്പൊക്കത്തിൽ ഒഴുകിവന്ന വ്യവസായങ്ങളിലൊന്നാണിത്.

നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ഈ കമ്പനിക്കെതിരെ കേസ് ഫയൽ ചെയ്തത് ശുദ്ധ പരിസ്ഥിതിക്കുവേണ്ടിയുള്ള നാഷനൽ ട്രസ്റ്റാണ്. (NATIONAL TRUST FOR A CLEAN ENVIRONMENT) സ്റ്റെർ ലൈറ്റ് കമ്പനിക്ക് 1995ൽ നൽകിയ പാരിസ്ഥിതിക സമ്മതപത്രം നിയമവിരുദ്ധമാണെന്ന് സെപ്തംബർ 29ലെ ഹൈക്കോടതി വിധിയിൽ പറയുന്നു. ഒരു ഫാക്ടറി സ്ഥാപിക്കുന്നതിന്നുമുമ്പ് പാരിസ്ഥിതിക ആഘാത അവലോകനം നടത്തണമെന്നത് നിയമമാണ്; ഈ അവലോകനത്തെപ്പറ്റി പൊതുജനങ്ങൾക്കുള്ള അഭിപ്രായം ആരായണമെന്നതും നിയമമാണ്. ഇതൊന്നും നടത്താതെയാണ് സ്റ്റെർ ലൈറ്റ് ഫാക്ടറി സ്ഥാപിച്ചതെന്ന് ഹൈക്കോടതിയുടെ വിധിയിൽ പറയുന്നു. ഫാക്ടറി സ്ഥാപിക്കുന്നതിന്ന് ലൈസൻസ് നൽകിയപ്പോൾ നിശ്ചയിച്ചിരുന്ന വ്യവസ്ഥകൾ സ്റ്റെർ ലൈറ്റ് ലംഘിച്ചുവെന്നും ഈ നിയമലംഘനത്തെ പരിസ്ഥിതി മന്ത്രികാര്യാലയവും തമിഴ്നാട് മലിനീകരണ നിന്ത്രണ ബോർഡും അവഗണിച്ചുവെന്നും വിധിയിൽ പറയുന്നുണ്ട്.

"നാടിന്റെ പകുതിയും നശിച്ചു കഴിഞ്ഞു". എന്നാണ് ഫാക്ടറിക്കടുത്ത ഗ്രാമമായ മിലാവിട്ടനിലെ ടി. മുത്തുരാജ് നിരാശയോടെ പറഞ്ഞത്. ഇവിടത്തെ ഭൂഗർഭ ജലമാകെ മലിനമായിട്ടുണ്ട്. സുപ്രീം കോടതിയുടെ വിധി വരുമ്പോഴേക്കും ദാഹജലം കിട്ടാതാകും. പിന്നെ എന്തു ചെയ്യും? നാടുവിടേണ്ടി വരും. നാട്ടുകാരുടെ ആരോഗ്യം മുഴുവൻ തകർന്നു. കുട്ടികളുടെ സ്ഥിതി ദയനീയമാണ്. ഏതു കോടതി ഇതിനൊക്കെ നഷ്ടപരിഹാരം തരും എന്നാണ് മുത്തുരാജ് ചോദിച്ചത്.

നിയന്ത്രണ സംവിധാനത്തിന്റെ പരാജയവും കോടതികളുടെ അനാസ്ഥയും കാരണം ജനങ്ങളുടേയും പരിസ്ഥിതിയുടേയും ഭാവി ഇരുളടഞ്ഞതാകുന്നു. ആരാണിതിനൊക്കെ ഉത്തരവാദികൾ എന്നു ചോദിച്ചപ്പോൾ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നും വ്യവസായികളുടെ പക്ഷത്താണ്, ഏതുനിയമം ലംഘിച്ചാലും അവർ അനങ്ങില്ലെന്നല്ല, വ്യവസായികളെ രക്ഷിക്കാൻ വേണ്ടതെല്ലാം ചെയ്യുകയും ചെയ്യും എന്ന് പുഷ്പരായൻ എന്നൊരു നാട്ടുകാരൻ പരാതിപ്പെടുന്നു.

ഫാക്ടറി പരിസരങ്ങളിൽ ഒന്നു ചുറ്റിക്കറങ്ങിയാൽ നാട്ടുകാർ പറയുന്നതെല്ലാം ശരിയാണെന്ന് ആർക്കും ബോധ്യമാകും. തിരിഞ്ഞാൽ തിരിഞ്ഞ ദിക്കിലെല്ലാം മലിനീകരണം കാണാം. ഫ്ളോറൈഡ് നിറഞ്ഞ പൊടി രൂപത്തിലുള്ള പാഴ് വസ്തുവായ ജിപ്സത്തിന്റെ ചാര നിറത്തിലുള്ള കുന്നുകൾ സർവ്വത്ര കാണാം. ഘന ലോഹങ്ങൾ നിറഞ്ഞ പാഴ് വസ്തുക്കളുടെ ഇരുണ്ട കുന്നുകളും അവക്കിടയിൽ കാണാം. സമീപ ഗ്രാമങ്ങളിലെ കുഴൽ കിണറുകളിൽ നിന്നുള്ള വെള്ളത്തിന്ന് മഞ്ഞ നിറമാണുള്ളത്. ഹൈക്കോടതി വിധിയുണ്ടായതിന്റെ അടുത്ത ദിവസം (സെപ്തംബർ 30) സമീപ കോളനിയിലെ ഒരു വീട്ടുകാർ വളർത്തുന്ന ഏഴ് ആടുകൾ ഒന്നിച്ചു ചത്തു. സമീപത്തെ തോട്ടിൽനിന്ന് വെള്ളം കുടിച്ചതാണ് കാരണമെന്നു പറയുന്നു.

ഫാക്ടറിയിൽ അപകടങ്ങൾ സാധാരണയാണെന്ന് നാട്ടുകാർ പറയുന്നു. 1996 ന്നും 2004ന്നും ഇടക്ക് അപകടങ്ങൾ മൂലം 13 പേർ മരിക്കുകയും 139 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ഇതൊന്നും സ്റ്റെർ ലൈറ്റ് കമ്പനി നിഷേധിക്കുന്നില്ല. സ്റ്റെർ ലൈറ്റ് കമ്പനിക്കെതിരായ ഏറ്റവും രൂക്ഷമായ വിമർശനം ഉയർന്നു വന്നത് ഹൈക്കോടതി വിധിയിലാണ്. അതിൽ പറയുന്നു ""ഫാക്ടറി സ്ഥാപിച്ച പ്രദേശമാകെ മലിനമായിട്ടുണ്ട്. സാമ്പിൾ പരിശോധിച്ചപ്പോൾ ആഴ്സനിക് വളരെയധികമുള്ളതായി കണ്ടു. അതിന്നർത്ഥം ആപൽക്കരമായ പാഴ് വസ്തുക്കൾ ഉള്ള പ്രദേശത്തിൽ ഇതിനേയും പെടുത്തണമെന്നാണ്."

പാഴ്വസ്തുക്കൾ നിക്ഷേപിച്ചിരിക്കുന്ന സ്ഥലങ്ങളിൽ നിന്നും പരിസരങ്ങളിൽനിന്നും ഭൂഗർഭ ജലത്തിന്റെ സാമ്പിൾ പരിശോധനക്കെടുക്കുകയുണ്ടായി. ഈ വെള്ളത്തിൽ ചെമ്പ്, ക്രോം, ഈയം, കാഡ്മിയം, ആഴ്സെനിക് എന്നിവയെല്ലാം കണ്ടെത്തി. ഫാക്ടറിക്കു ചുറ്റുമുള്ള ഗ്രാമങ്ങളിൽ മലിനീകരണത്തിന്റെ ആഘാതം അനുഭവപ്പെടുന്നുണ്ട്. സന്ധികളിൽ വേദനയുള്ളതായി കുട്ടികൾ പരാതിപ്പെടുന്നു. മുതിർന്നവരുടെ തൊണ്ണിന്ന് ചൊറിച്ചലാണ് ആദ്യം അനുഭവപ്പെടുക; കുറച്ചു കഴിയുമ്പോൾ പല്ലു കൊഴിഞ്ഞു തുടങ്ങും.

തൂത്തുക്കുടി തുറമുഖത്തിന്നു സമീപത്ത് പവിഴപുറ്റുകളുണ്ട്. മുത്തുകൾ വിളയുന്ന ചിപ്പികളാണ് നിറയെ. മന്നാർ ഉൾക്കടലിലെ ബയോസ്ഫിയർ റിസർവ്വിൽ പെട്ട ദ്വീപുകൾ ഇവിടെയുണ്ട്. ഐക്യ രാഷ്ട്രസമിതി ലോകത്തിലാകെ അഞ്ച് സമുദ്ര ജൈവ സംരക്ഷണ മേഖലകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അതിലൊന്നാണ് മന്നാർ ഉൾക്കടലിലേത്. ഈ സമുദ്ര ജൈവ സംരക്ഷണ മേഖലയിൽനിന്നും 25 കിലോമീറ്റർ ദൂരെ മാത്രമേ മലിനീകരണ മുണ്ടാക്കുന്ന ഫാക്ടറികൾ സ്ഥാപിക്കാവൂ എന്നാണ് നിയമം. എന്നാൽ സ്റ്റെർ ലൈറ്റ് ഫാക്ടറി ഏഴു കിലോമീറ്ററിന്നകത്തു വരും. ഫാക്ടറിയിൽ ചെമ്പ് ഉരുക്കുന്ന പ്ലാന്റിൽ നിന്നുള്ള സൾഫർ നിറഞ്ഞ മാലിന്യങ്ങൾ കടലിലെത്തുന്നുണ്ട്. നിയമപ്രകാരമായിരുന്നുവെങ്കിൽ ഇവിടെ സ്റ്റെർ ലൈറ്റ് ഫാക്ടറി സ്ഥാപിക്കാനേ പാടില്ലായിരുന്നു.

ഒരു ഫാക്ടറി സ്ഥാപിക്കുന്നതിന്നു മുമ്പ് സമഗ്രമായ പാരിസ്ഥിതിക ആഘാത അവലോകനം നടത്തണമെന്നാണ് നിയമം. ഈ പാരിസ്ഥിതിക അവലോകനം പൊതുജനങ്ങളുടെ സംവാദത്തിന്നു സമർപ്പിക്കണമെന്നും നിയമം അനുശാസിക്കുന്നുണ്ട്. എന്നാൽ സ്റ്റെർ ലൈറ്റ് ഫാക്ടറിയെ ഈ വ്യവസ്ഥകളിൽനിന്നെല്ലാം ഒഴിവാക്കുകയാണുണ്ടായത്. അത് നിയമവിരുദ്ധമാണ്.

സമുദ്ര ജൈവ സംരക്ഷണ കേന്ദ്രത്തിൽനിന്നും 25 കിലോമീറ്റർ ദൂരെ മാത്രമേ ഫാക്ടറി സ്ഥാപിക്കാവൂ എന്ന നിയമം ലംഘിച്ചതുകൊണ്ടുതന്നെ ഫാക്ടറി പൂട്ടിക്കാൻ തമിഴ്നാട് മലിനീകരണ നിയന്ത്രണ ബോർഡിന്ന് അധികാരമുണ്ട്. സ്റ്റെർ ലൈറ്റിന്റെ ഈ നിയമ ലംഘനം ഞങ്ങൾ ഓരോ യോഗത്തിലും ചൂണ്ടിക്കാണിക്കാറുണ്ടായിരുന്നു. പ്രശ്നം കോടതിയിലെത്തിക്കേണ്ട ഒരു കാര്യവുമില്ലായിരുന്നു എന്നാണ് സ്റ്റെർ ലൈറ്റ് വിരുദ്ധ സമര സമിതിക്ക് നേതൃത്വം നൽകുന്ന ഫാത്തിമ ബാബൂ പറയുന്നത്.

പരിസ്ഥിതി നിയമം മാത്രമല്ല സ്റ്റെർ ലൈറ്റ് ഫാക്ടറിക്കാർ ധ്വംസിച്ചിട്ടുള്ളത്. 1998 ൽ ഹൈക്കോടതി നാഗപ്പൂരിലെ നാഷനൽ എൻവയറൻമെന്റൽ എഞ്ചിനീയറിങ് റിസർച്ച് ഇൻസ്റ്റിട്യൂട്ടിനെ (NEERI = നീരി) ഒരന്വേഷണത്തിന്നു നിയോഗിച്ചിരുന്നു. സ്റ്റെർ ലൈറ്റിനെ സമൂലം വിമർശിക്കുന്ന ഒരു റിപ്പോർട്ടാണ് അവർ കോടതിയിൽ സമർപ്പിച്ചത്. കമ്പനിക്കാർ സമ്പാദിച്ച ലൈസൻസുകളിൽ മിക്കതും നിയമവിരുദ്ധമാണെന്നും അനുവദനീയമായ ഉല്പാദനശേഷിയേക്കാൾ കൂടുതൽ ഉല്പാദനം നടത്തുന്നുണ്ടെന്നും, ആപൽക്കരമായ പാഴ് വസ്തുക്കൾ സംബന്ധിച്ച നിയമം ലംഘിച്ചുവരുന്നുണ്ടെന്നും മലിനജലം കടലിലേക്കൊഴുക്കി വിടുന്നുണ്ടെന്നും ഭൂഗർഭ ജലം മലിനമാക്കിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്.

# കമ്യൂണിസ്റ്റുകാരുടെ ഭരണം ക്ഷയിക്കുന്നതിന്റെ കാരണം

**- അഭിജ്ഞാൻ സർക്കാർ -**

**ക**ഴിഞ്ഞ ഫെബ്രുവരി 2ന്ന് ഞാൻ തീവണ്ടിക്ക് ദൽഹിക്കു പുറപ്പെട്ടതായിരുന്നു. ശാസ്ത്ര-വ്യവസായ കേന്ദ്രത്തിലേക്കുള്ള ഒരു ഇന്റർവ്യൂ ആയിരുന്നു ഉദ്ദേശം. ഇതേ ഇന്റർവ്യൂവിൽ പങ്കെടുക്കാൻ പുറപ്പെട്ട ഒരു സുഹൃത്തും എന്നോടൊപ്പമുണ്ടായിരുന്നു. തീവണ്ടി അസൻസോൾ സ്റ്റേഷനിലെത്തി. സമയം രാത്രി 9.20. പെട്ടെന്ന് ഏഴുപേർ ഞങ്ങളുടെ കമ്പാർട്ടുമെന്റിൽ തള്ളിക്കയറി. ഞങ്ങൾ കൊള്ളക്കാരാണെന്നാണ് അവർ പറഞ്ഞത്. പിടിച്ച പിടിക്ക് അവർ ഞങ്ങളെ പുറത്തിറക്കി. ഒരാൾ എന്റെ മൊബൈൽ പിടിച്ചെടുത്തു. കയ്യാമംവച്ച് മുഖം മൂടിക്കെട്ടി. അൽപ്പസമയത്തിന്നകം എന്നെ ഒരു കാറിൽ തള്ളിക്കയറ്റി. കാറിന്റെ പിൻസീററിൽ എന്റെ സ്നേഹിതനേയും കയറ്റി.

തങ്ങൾ ബീഹാർ പോലീസിൽനിന്നുള്ളവരാണെന്നും ഝാർഖണ്ഡിലെ ഘാട് ജിലയിലേക്കാണ് ഞങ്ങളെ കൊണ്ടുപോകുന്നതെന്നും അവർ പറഞ്ഞു. അവർ ലോഹം കൊണ്ടുള്ള എന്തോ ആയുധം കൊണ്ട് എന്റെ പള്ളക്ക് കുത്തി. സഹായത്തിന്നുവേണ്ടി നിലവിളിച്ചു പോകരുതെന്ന് അവർ മുന്നറിയിപ്പുതന്നു. അതോടെ എന്നെ ചോദ്യം ചെയ്യാൻ തുടങ്ങി; അഥവാ ഭേദ്യം ചെയ്യാൻ തുടങ്ങി. ഞാനെന്തിനാണ് ദൽഹിക്കു പോകുന്നത്? എന്റെ ഭൂതകാലം എന്തൊക്കെയാണ്. അങ്ങനെ പലതും ചോദിച്ചു.

ആളുകളെ ഇങ്ങനെ റാഞ്ചിക്കൊണ്ടുപോകുന്നതിൽ തഴക്കവും പഴക്കവും വന്നവരാണ് തങ്ങളെന്ന് അവർ ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു. ഒരൊറ്റ വെടിയുണ്ടകൊണ്ട് എന്റെ മണ്ട തകർക്കുന്നതെങ്ങനെയെന്ന് അവർ വിശദീകരിച്ചുകൊണ്ടിരുന്നു. ശവം ➡ ഏതെങ്കിലും കാട്ടിൽ തള്ളുമെന്നും പറഞ്ഞു. കൃത്രിമ സംഘട്ടനത്തിലൂടെ ആളുകളെ കൊല്ലുന്നതിൽ തനിക്കുള്ള പ്രാഗത്ഭ്യവും ഒരാൾ വിവരിച്ചു. അവരുടെ ദയകൊണ്ടുമാത്രമാണ് ഞാനിപ്പോഴും ജീവിക്കുന്നത്. മരണത്തെക്കുറിച്ചുള്ള ഭീതി എന്നെ വിഴുങ്ങിയിരുന്നു.

ബംഗാളിലേയും കൽക്കത്തയിലേയും മാവോയിസ്റ്റ് പ്രവർത്തനങ്ങളെപ്പറ്റി അവർ വീണ്ടും വീണ്ടും ചോദിച്ചുകൊണ്ടിരുന്നു. ബംഗാളിൽ 2006 ൽ വളർന്നുവന്ന ഒരു സാമൂഹ്യ പ്രസ്ഥാനത്തിലെ അംഗമാണ് ഞാനെന്ന് അവരോട് സമ്മതിച്ചു. ബലം പ്രയോഗിച്ചു ഭൂമി അക്വയർ ചെയ്യുന്ന ഏർപ്പാടിനെപ്പറ്റിയും അതിനെ എതിർക്കുന്നവരെ സർക്കാർ അടിച്ചമർത്തുന്നതിനെപ്പറ്റിയുമെല്ലാം ഞാൻ പറഞ്ഞു. ഇടതുമുന്നണി ഗവർമ്മേണ്ടിന്റെ ഭീകര പ്രവർത്തനങ്ങളെ ഞങ്ങൾ എതിർത്തുവന്നതായും പറഞ്ഞു. അതേസമയം ഞാനൊരു മാവോയിസ്റ്റൊന്നുമല്ലെന്നും പറഞ്ഞു.

അഞ്ചോ ആറോ മണിക്കൂർ കഴിഞ്ഞപ്പോൾ കാർ എവിടേയോ നിർത്തി. ഞങ്ങളോട് പുറത്തിറങ്ങാൻ കൽപ്പിച്ചു. ഒരു ഇരുനില കെട്ടിടത്തിന്റെ രണ്ടാം നിലയിലേക്കാണ് ഞങ്ങളെ കൊണ്ടുപോയത്. മുഖം മൂടിക്കെട്ടിയിരുന്നതിനാൽ തപ്പിപ്പിടിച്ചായിരുന്നു കയറ്റം. എന്നിട്ട് എന്നോട് കിടന്നുറങ്ങിക്കൊള്ളാൻ പറഞ്ഞു. സത്യം മുഴുവൻ പറഞ്ഞാൽ അതിന്ന് പ്രതിഫലം തരുമെന്ന് ഉറപ്പും നൽകി.

അടുത്ത ദിവസം രാവിലെ ഞങ്ങൾക്ക് പ്രാതൽതന്നു. അതും മുഖം മൂടികെട്ടിയായിരുന്നു. കുറച്ചു നേരം കഴിഞ്ഞപ്പോൾ പുതിയൊരാൾ ചോദ്യം ചെയ്യാനെത്തി. അദ്ദേഹം അവിടത്തെ മേധാവിയാണെന്നു തോന്നുന്നു. മററുള്ളവർ അദ്ദേഹത്തെ "സർ" എന്നാണ് സംബോധന ചെയ്തിരുന്നത്. വളരെ കർക്കശ സ്വരത്തിലായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം ചെയ്യൽ. ഒരു ലാപ്ടോപ്പിലെ ചില വിദ്യാർത്ഥികളുടെ ചിത്രങ്ങൾ എനിക്കു കാണിച്ചുതന്നു. അപ്പോൾ മാത്രമാണ് കണ്ണുമൂടിക്കെട്ടിയത് എടുത്തത്. മുറിക്കകത്ത് ഒരു മേശയും സോഫാ സെറ്റും ചില കസേരകളും കണ്ടു. ആകെ ഒരു വിദ്യാർത്ഥിയെ മാത്രമേ എനിക്ക് തിരിച്ചറിയാൻ കഴിഞ്ഞുള്ളൂ. വൃത്തികെട്ട രാഷ്ട്രീയം വിട്ട് മുഖ്യധാരയിലേക്ക് തിരിച്ചുവരാൻ ആ ഓഫീസർ എന്നെ ഉപദേശിച്ചുകൊണ്ടിരുന്നു. പൊറുതികെട്ട് ഞാൻ വഴങ്ങിക്കൊടുത്തു. എന്റെ വ്യക്തിപരമായ വിവരങ്ങളും ഇ-മെയിൽ മേൽവിലാസവും പാസ് വേർഡും എന്റെ സ്നേഹിതന്മാരുടെ മേൽവിവരങ്ങളുമെല്ലാം ഞാൻ തുറന്നു പറഞ്ഞു.

ഉച്ചഭക്ഷണത്തിന്നുശേഷം വീണ്ടും ചോദ്യം ചെയ്യൽ ആരംഭിച്ചു. പെട്ടെന്ന് ആ ഓഫീസർ എന്നോട് എഴുന്നേറ്റ് നിൽക്കാനും ഷൂസ് ധരിക്കാനും ആവശ്യപ്പെട്ടു. ദൽഹിയിലെ ഇന്റർവ്യൂവിൽ പങ്കെടുക്കാൻ അദ്ദേഹം അനുമതി തന്നു.

അവർ എന്നേയും എന്റെ സ്നേഹിതനേയും ഒരു കാറിൽ തള്ളിക്കയറ്റി. കാർ ഞങ്ങളെ വിമാനത്താവളത്തിന്നടുത്തെത്തിക്കുമെന്നും ഇക്കഴിഞ്ഞ കാര്യങ്ങളൊന്നും പുറത്തു പറയാതിരിക്കുന്നതാണ് നല്ലതെന്നും അദ്ദേഹം പറഞ്ഞു. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ കാർ നിർത്തി. ഞങ്ങളെ പിടിച്ചിറക്കി. ഞാനെന്റെ കണ്ണിന്റെ കെട്ടഴിച്ചപ്പോൾ ഒരു ടാറ്റാ സുമോ സ്ഥലം വിടുന്നതു കണ്ടു. എനിക്ക് അതിന്റെ നമ്പർ കുറിച്ചെടുക്കാൻ കഴിഞ്ഞില്ല. നേരം സന്ധ്യയായിരുന്നു. കൽക്കത്താ വിമാനത്താവളത്തിന്നടുത്താണ് സ്ഥലം. സന്ധ്യ 7.25. ഞങ്ങളുടെ കയ്യിൽ തന്നത് ജറ്റ് എയർവെയ്സിന്റെ ദൽഹിക്കുള്ള ടിക്കറ്റായിരുന്നു. ❑

---

ഇതിനെത്തുടർന്ന് ഫാക്ടറി പൂട്ടാൻ ഹൈക്കോടതി 1998 ൽ തന്നെ കല്പന നൽകിയിരുന്നു. എന്നാൽ ഒരു മാസത്തിന്നകം കല്പന ഭേദഗതി ചെയ്തു; ഫാക്ടറി തുടർന്നു പ്രവർത്തിക്കാൻ അനുമതിയും നൽകി. "നീരി"യോട് അവരുടെ റിപ്പോർട്ട് പുന: പരിശോധന ചെയ്യാൻ കോടതി നിർദ്ദേശിച്ചു. ഇതനുസരിച്ച് "നീരി" 1999 ഫെബ്രുവരിയിൽ പുതിയ റിപ്പോർട്ട് സമർപ്പിച്ചു. അത്ഭുതമെന്നു പറയട്ടെ, ആദ്യത്തേതിന്ന് കടകവിരുദ്ധമായിരുന്നു രണ്ടാമത്തെ റിപ്പോർട്ട്.

ഇതെങ്ങനെയാണെന്നോ? വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച ഒരു അപേക്ഷയിലൂടെ സമരക്കാർ രഹസ്യം പുറത്തുകൊണ്ടുവന്നു. നീരിയുടെ ആദ്യത്തെ റിപ്പോർട്ടിന്നു ശേഷം നീരിക്ക് 122 ലക്ഷം രൂപയുടെ ഒമ്പത് കൺസൽട്ടൻസികൾ സ്റ്റെർ ലൈറ്റിൽ നിന്നു കിട്ടിയിട്ടുണ്ട്! പക്ഷെ ഒടുവിൽ ഹൈക്കോടതിക്ക് ഗത്യന്തരമില്ലാതായി. സ്റ്റെർ ലൈറ്റ് ഫാക്ടറി പൂട്ടാൻ കഴിഞ്ഞ സെപ്തംബർ 29ന്ന് കല്പന നൽകി. അതിന്റെ പിന്നാലെ വന്നു സുപ്രീം കോടതിയുടെ സ്റ്റേ!! ഇനിയോ? ഹൈക്കോടതിയിൽ നിന്ന് ഒരു കല്പന സമ്പാദിക്കാൻ 14 കൊല്ലം വേണ്ടിവന്നു. സുപ്രീം കോടതിയിൽനിന്ന് കല്പന കിട്ടാൻ എത്രകാലം കാത്തിരിക്കേണ്ടിവരും? ❑

# രണ്ടു ലക്ഷം ആദിവാസികളെ നശിപ്പിക്കുന്ന ഒരു പദ്ധതി

**- മാധവി താത്ത -**

**ആ**ന്ധ്രയിൽ ഗോദാവരി നദിയിൽ പോളാവരത്ത് ഒരണകെട്ടുക എന്നത് ഒരു സ്വപ്ന പദ്ധതിയാണ്. പല ഗവർമ്മേണ്ടുകളും ഇതിനായി ശ്രമിച്ചിട്ടുണ്ട്. പക്ഷെ ഒടുവിൽ തോറ്റു പിന്മാറുകയാണ്.

കടലിലേക്ക് ഒഴുകിപ്പോകുന്ന മിച്ച ജലം ഉപയോഗപ്രദമാക്കുന്നതിന്നുള്ള ഒരു പദ്ധതിയാണിത്. 1943 ലാണ് ഇത്തരമൊരു അണക്കെട്ടിനെക്കുറിച്ച് ആദ്യമായി ചിന്തിച്ചത്. കുറച്ചു കാലം മുമ്പ് രാജശേഖര റെഡ്ഡി മന്ത്രിയായപ്പോഴാണ് പദ്ധതി നടപ്പാക്കാൻ രണ്ടും കൽപ്പിച്ചിറങ്ങിയത്. പക്ഷെ തടസ്സങ്ങൾ പലതുണ്ടായിരുന്നു. എന്നാൽ, മറ്റു സംസ്ഥാനങ്ങളെപ്പോലെത്തന്നെ ആന്ധ്രയും ഒരു പാട് നുണക്കഥകൾ പറഞ്ഞുണ്ടാക്കി കേന്ദ്ര ഗവർമ്മേണ്ടിന്റെ അനുമതി വാങ്ങി. ആന്ധ്രയിലേത് കോൺഗ്രസ്സ് ഗവർമ്മേണ്ടാകയാൽ കേന്ദ്ര ഗവർമ്മേണ്ടിനെ പാട്ടിലാക്കുക അത്ര പ്രയാസമുള്ള കാര്യമായിരുന്നില്ല. പക്ഷെ പ്രശ്നങ്ങൾ പ്രശ്നങ്ങളല്ലാതാകുമായിരുന്നില്ലല്ലൊ.

ഒന്നാമത് ആന്ധ്രയിലേയും ഛത്തീസ്ഗഡ്, ഒറീസ എന്നീ സംസ്ഥാനങ്ങളിലേയും ഒരുപാട് വനഭൂമിയും കൃഷിഭൂമിയും വെള്ളത്തിന്നടിയിലാകും. ഏതാണ്ട് 40,000 ഹെക്ടർ ഭൂമിയാണ് മുങ്ങിപ്പോകുക.

രണ്ടാമത് രണ്ടുലക്ഷത്തോളം പേർ നിരാധാരരായിത്തീരും ഇവരിലധികവും പ്രാകൃത ഗോത്രവർഗ്ഗങ്ങളിൽ പെട്ടവരാണ്. ആകെ 280 ഗ്രാമങ്ങൾ വെള്ളത്തിലാകും.

മൂന്നാമത് കുറെയേറെ റിസർവ്വ് വനങ്ങളും പാപികൊണ്ട വന്യജീവി സംരക്ഷണ കേന്ദ്രവും അപ്രത്യക്ഷമാകും.

ഇങ്ങനെയെല്ലാമാണെങ്കിലും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രികാര്യാലയം ഇക്കഴിഞ്ഞ ജൂലായിയിൽ 3731 ഹെക്ടർ വനഭൂമി ഈ പദ്ധതിക്കായി അനുവദിച്ചു കൊടുത്തു.

ഒറീസയിലെ വേദാന്ത പദ്ധതിക്കുള്ള അനുമതി റദ്ദാക്കാൻ സ്വീകരിച്ചത് സാക്സേന കമ്മിററിയുടെ റിപ്പോർട്ടാണ്. ആ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പോളാവരം പദ്ധതിക്കും ബാധകമാകേണ്ടതാണെന്ന് "യക്ഷി" എന്ന സന്നദ്ധ സംഘടനയുടെ നേതാവായ എൻ. മധുസൂദനൻ ഓർമ്മിപ്പിക്കുന്നു. 2006 ലെ വനവാസ നിയമപ്രകാരം ആർക്കും ഭൂമി നൽകേണ്ടതായിട്ടില്ല എന്നാണ് ആന്ധ്ര ഗവർമ്മേണ്ട് കേന്ദ്ര ഗവർമ്മേണ്ടിനെ ധരിപ്പിച്ചിരിക്കുന്നത്. ശുദ്ധ നുണയാണിത്. കോയ ഗോത്ര വർഗ്ഗത്തിലും കോണ്ട റെഡ്ഡി ഗോത്രവർഗ്ഗത്തിലും പെട്ട ഒരുപാട് ആദിവാസികൾ തലമുറകളായി ജീവിച്ചുവരുന്ന പ്രദേശമാണിത്. വനവിഭവങ്ങൾക്കുള്ള അവരുടെ അവകാശങ്ങൾ അംഗീകരിച്ചേ തീരൂ.

ഭീകരമാംവണ്ണം വിനാശകരമായൊരു പദ്ധതി എന്നാണ് മനുഷ്യാവകാശ ഫോറത്തിന്റെ പ്രസിഡണ്ടായ എസ്. ജീവൻ കുമാർ പോളാവരം പദ്ധതിയപ്പറ്റി പറയുന്നത്. ഈ പദ്ധതിമൂലം നാടും വീടും വിട്ടോടേണ്ടിവരുന്നവരിൽ 65 ശതമാനവും ഗോത്രവർഗ്ഗക്കാരും ദളിതുകളുമാണ്. ഈ ജനങ്ങളുടെ പരമ്പരാഗതമായ ജ്ഞാനവും ഇവരുപയോ






ഗിക്കുന്ന പ്രകൃതി വിഭവങ്ങളും ഇവരുടെ സംസ്കാരവുമെല്ലാം ഇവർ ജീവിക്കുന്ന പ്രദേശവുമായി അഭേദ്യമാംവണ്ണം ബന്ധപ്പെട്ടിരിക്കുന്നു. കാടില്ലാതാകുന്നതോടെ ഇവരുടെ നിലനിൽപ്പു തന്നെ അപകടത്തിലാകും.

വനഭൂമി ഉപയോഗിക്കണമെങ്കിൽ ഗ്രാമസഭകളുടെ അംഗീകാരം വാങ്ങിയിരിക്കണമെന്നത് ഭരണഘടനയിലെ അനുശാസനമാണ്. പോളാവരം പദ്ധതിക്ക് ഒരു ഗ്രാമസഭപോലും ഇതുവരെ അംഗീകാരം നൽകിയിട്ടില്ല ഒറീസയിൽ വനാവകാശ നിയമപ്രകാരം ഖനന പദ്ധതിക്ക് അനുമതി നിഷേധിച്ച കേന്ദ്ര ഗവർമ്മേണ്ടിന്ന് ആന്ധ്രയുടെ കാര്യത്തിൽ മറ്റൊരു മാനദണ്ഡം സ്വീകരിക്കാനാവില്ല. പോളാവരം പദ്ധതിക്കുള്ള അനുമതി സ്റ്റേ ചെയ്യാനാവശ്യപ്പെട്ടു കൊണ്ട് ഒറീസാ ഗവർമ്മേണ്ടും ഛത്തീസ്ഗഡ് ഗവർമ്മേണ്ടും സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനം, ആഗോള താപനം തുടങ്ങിയ പ്രശ്നങ്ങളുടെ നേരെ കണ്ണടച്ചുകൊണ്ടാണ് അണക്കെട്ടു നിർമ്മിക്കുന്നതെന്ന് ജലസേചന - പരിസ്ഥിതികാര്യ വിദഗ്ധനായ പ്രൊ. ടി. ശിവാജി റാവു പറയുന്നു. വരും വർഷങ്ങളിൽ ഗോദാവരി നദീതടത്തിൽ കൊടുങ്കാറ്റിന്റേയും പേമാരിയുടേയും ഊക്ക് 20 മുതൽ 30 ശതമാനം വരെ വർധിക്കാനാണ് സാധ്യത. ആന്ധ്രാ ഗവർമ്മേണ്ടിന്ന് പ്രകൃതിയെ തടഞ്ഞു നിർത്താനാവില്ലല്ലോ. വെള്ളപ്പൊക്കമുണ്ടാകുമ്പോൾ ഗോദാവരിക്ക് പരമാവധി താങ്ങാനാവുന്ന ഒഴുക്ക് സെക്കൻഡിൽ 600 ലക്ഷം ക്യൂബിക്കടിയാണെന്ന് റൂർക്കിയിലെ നാഷനൽ ഹൈഡ്രോളജി ഇൻസ്റ്റിട്യൂട്ട് 1999 ൽ പറഞ്ഞിട്ടുണ്ട്. സെൻട്രൽ വാട്ടർ കമ്മീഷന്റെ കണക്ക് ഒരു പൊടി മാത്രമേ വ്യത്യാസമുള്ളൂ. 2006 സെപ്തമ്പറിൽ അവർ കണക്കാക്കിയത് സെക്കൻഡിൽ അമ്പതുലക്ഷം ക്യൂബിക് അടിയാണ്. സെൻട്രൽ വാട്ടർ കമ്മീഷൻ പറയുന്നതാണ് ശരിയെന്നു കണക്കാക്കിയാൽ പോലും വെള്ളപ്പൊക്കമുണ്ടാകുമ്പോൾ പോളാവരം അണക്കെട്ട് ഒരു ടൈം ബോംബായി മാറും എന്ന് ശിവജി റാവു ചൂണ്ടിക്കാണിക്കുന്നു.

ഏഷ്യൻ ജലസേചന പദ്ധതികൾക്കുള്ള ഐക്യരാഷ്ട്ര സമിതിയുടെ കൺസൽട്ടന്റായ ടി. ഹനുമന്തറാവു പോളാവരം പദ്ധതിക്കു പകരം മൂന്നു ചിറകൾ നിർമ്മിക്കാൻ ഉപദേശിക്കുന്നു. ചെലവു കുറയും; കൂടുതൽ പ്രയോജനം കിട്ടുകയും ചെയ്യും. പക്ഷെ അതൊന്നും പ്രായോഗികമല്ലെന്ന് ആന്ധ്ര ഗവർമ്മേണ്ട് പറയുന്നു.

ഗോദാവരി നദി കടലിൽ ചെന്നു ചേരുന്നതിന്നടുത്താണ് അണക്കെട്ടു നിർമ്മിക്കാനുദ്ദേശിക്കുന്നത്. അവിടെ അടിത്തട്ടിൽ പാറയില്ല. മണലും കളിമണ്ണുമാണ് അവിടെ ഭൂഗർഭത്തിലുള്ളത്. ഇത്തരം മണ്ണിൽ കോൺക്രീറ്റ്

# അയോധ്യ: നെഹ്റുവിന്റെ ഇടപെടൽ ഫലിച്ചില്ല

**- വിദ്യ സുബ്രഹ്മണ്യം -**

**അ**യോധ്യ കേസിൽ അല്ലാഹാബാദ് ഹൈക്കോടതി നിയമത്തിന്റേയും യുക്തിയുടേയും അതിർത്തികളെ എത്ര ലാഘവത്തോടെയാണ് അതിലംഘിച്ചത്. എന്നിട്ടവർ ചെന്നുനിന്നതോ "വിശ്വാസ"ത്തിൽ! അതേസമയം അവർ അതിന്റെ രാഷ്ട്രീയ വശങ്ങളെ പാടെ അവഗണിച്ചു. ഇതൊക്കെ ആരേയും അത്ഭുതപ്പെടുത്തും.

അയോധ്യാ തർക്കത്തിൽ ഉജ്വലമായ രണ്ടു രാഷ്ട്രീയ ഘട്ടങ്ങളുണ്ട്. 1949 ഡിസംബർ 22നും 23നും ഇടക്കുള്ള അർദ്ധരാത്രിയാണ് ഒന്ന്. ബാബരി മസ്ജിദിന്റെ നടുവിലുള്ള കുംഭഗോപുരത്തിന്റെ നേരെചുവട്ടിൽ ചെറിയൊരു ശ്രീരാമ പ്രതിമ പ്രതിഷ്ഠിച്ചത് ആ നേരത്താണ്. ബാബരി മസ്ജിദ് ഇടിച്ചു നിരത്തിയ 1992 ആണ് രണ്ടാമത്തെ ഘട്ടം. അല്ലാഹാബാദ് ഹൈക്കോടതിയിലെ ജഡ്ജിമാർ ഇതു രണ്ടും എത്ര അലസമായാണ് എഴുതിത്തള്ളിയത്!

1949ലെ നിയമ ധ്വംസനം നടന്നത് കോൺഗ്രസ്സിലെ ചില മൂർഖന്മാരും ഫൈസാബാദിലെ ചില ഉദ്യോഗസ്ഥ മേധാവികളും തമ്മിൽ നടന്ന ഒരു ഗൂഢാലോചനയുടെ ഫലമായിരുന്നു. ഉദ്യോഗസ്ഥ മേധാവികളിൽ പ്രമുഖൻ അവിടത്തെ ഡെപ്യൂട്ടി കമ്മീഷണർതന്നെയായിരുന്നു. ഇദ്ദേഹം റിട്ടയർ ചെയ്തശേഷം നേരെ പോയി ജനസംഘത്തിൽ ചേർന്നുവെന്നതുതന്നെ അദ്ദേഹത്തിന്റെ പക്ഷപാതപരമായ പെരുമാറ്റത്തിന്ന് തെളിവാണ്.

1949ലെ സംഭവത്തിൽ തനിക്കുള്ള ക്ഷോഭവും നിരാശയുമത്രയും പ്രധാനമന്ത്രി ജവാഹർലാൽ നെഹ്റു വ്യക്തമാക്കിയിരുന്നു. ഇതു സംബന്ധിച്ച് തനിക്കുള്ള മനോവേദനയത്രയും പ്രകടമാക്കുന്ന, ഒന്നല്ല, ഒട്ടേറെ കത്തുകൾ അദ്ദേഹം എഴുതുകയുണ്ടായി. അന്ന് ഡെപ്യൂട്ടി പ്രധാനമന്ത്രിയും ആഭ്യന്തരകാര്യമന്ത്രിയുമായിരുന്ന സർദാർ വല്ലഭായ് പട്ടേലിന്നും ഗവർണർ ജനറലായിരുന്ന സി. രാജഗോപാലാചാരിക്കും ഉത്തർപ്രദേശ് മുഖ്യമന്ത്രിയായിരുന്ന ജി.ബി. പാന്തിന്നും അടുത്ത സുഹൃത്തായ

➡

കെ.ജി. മശ്രുവാലക്കുമെല്ലാം അദ്ദേഹം പിന്നാലേക്ക് പിന്നാലെ എഴുതിനോക്കി.

1949 ഡിസംബർ 26ന്ന് മുഖ്യമന്ത്രി പാന്തിന്ന് പ്രധാനമന്ത്രി ഒരു കമ്പി സന്ദേശമയച്ചു. ശ്രീരാമ പ്രതിമ ബാബരി മസ്ജിദിൽ വച്ചത് "ചീത്ത ഭവിഷ്യത്തുക്കളുണ്ടാക്കുന്നതിന്റെ ആപൽക്കരമായൊരു ഉദാഹരണ"മാണെന്ന് നെഹ്റു അതിൽ ദീർഘദർശനം നടത്തിയിരുന്നു. 1950 മാർച്ച് 5ന്ന് മശ്രുവാലക്കയച്ച ഒരു കത്തിൽ, ഫൈസാബാദ് ജില്ലാ അധികാരിയുടെ ദുഷ്പെരുമാറ്റത്തെപ്പറ്റി നെഹ്റു പറഞ്ഞിരുന്നു. മുഖ്യമന്ത്രി പാന്ത് പലതവണ ശ്രീരാമ പ്രതിമാ പ്രതിഷ്ഠയെ അപലപിച്ചുവെങ്കിലും സുനിശ്ചിതമായ ഒരു നടപടിയുമെടുക്കാതെ ഒഴിഞ്ഞുമാറിയെന്നും അദ്ദേഹം പറഞ്ഞു. 1950 ഏപ്രിൽ 17ന്ന് മുഖ്യമന്ത്രിക്കയച്ച മറ്റൊരു കത്തിൽ നെഹ്റു തന്റെ മനോവേദനയാകെ അവതരിപ്പിച്ചിരുന്നു. "യു.പി. എനിക്ക് ഏതാണ്ടൊരു വിദേശ രാജ്യം പോലെയായിക്കൊണ്ടിരിക്കുകയാണ്. പണ്ട് കോൺഗ്രസ്സിന്റെ നെടുംതൂണുകളായിരുന്നവരുടെ മനസ്സും ഹൃദയവുമെല്ലാം വർഗ്ഗീയതക്കധീനമായിക്കൊണ്ടിരിക്കുന്നതായിട്ടാണ് ഞാൻ കാണുന്നത്. അരിച്ചുകയറിക്കൊണ്ടിരിക്കുന്ന ഒരു തളർവാതമാണത്; രോഗിയാകട്ടെ അത് മനസ്സിലാക്കുന്നതുപോലുമില്ല. എന്തോ കാരണത്താൽ അല്ലെങ്കിൽ വെറും രാഷ്ട്രീയ ലാക്കുനോക്കി നമ്മൾ ഈ രോഗത്തെ അവഗണിക്കുകയാണെന്ന് എനിക്കു തോന്നുന്നു...." 1949 ൽ ബാബരി മസ്ജിദിൽ ശ്രീരാമ പ്രതിമ കൊണ്ടുപോയി വെച്ചത് ഹിന്ദുക്കളുടെ വിശ്വാസ പ്രകടനമായിരുന്നുവെന്നു പറയുന്നത് അടിമുടി അസംബന്ധമാണെന്ന് ഈ കത്തുകൾ തെളിയിക്കുന്നു. യു.പി. കോൺഗ്രസ്സിലെ ചില വിഭാഗക്കാർ രാഷ്ട്രീയ നേട്ടമുണ്ടാക്കാനായി രാമജന്മഭൂമി പ്രശ്നം കുത്തിപ്പൊക്കുകയാണ് ചെയ്തത്. ആർ.എസ്.എസ്. പരിവാരങ്ങൾ സസന്തോഷം അതിന്നു കൂട്ടുനിന്നുവെന്നേയുള്ളൂ. പിന്നെ 61 കൊല്ലം കടന്നുപോയ ശേഷം അല്ലാഹാബാദ് ഹൈക്കോടതി ഈ പ്രശ്നം പരിഗണനക്കെടുത്തപ്പോഴാകട്ടെ, 1949 വെറുമൊരു നിയമപ്രശ്നവുമായി.

ബാബരി മസ്ജിദിൽ ശ്രീരാമ പ്രതിമ മനുഷ്യർതന്നെ കൊണ്ടുപോയി വച്ചതാണെന്ന് ഭൂരിപക്ഷ വിധിയിൽ സമ്മതിക്കുന്നുണ്ട്. വിശ്വഹിന്ദു പരിഷത്തിന്റെ മുൻ വൈസ് പ്രസിഡണ്ടായ ദേവകി നന്ദൻ അഗ്രവാല 1989 ൽ ഫയൽ ചെയ്ത കേസിൽ അതു തുറന്നു സമ്മതിച്ചിട്ടുമുണ്ട്. എന്നാൽ പ്രതിമ പ്രതിഷ്ഠിച്ചത് പ്രസക്തമായ ഒരു കാര്യമല്ലെന്ന് ജ. സുധീർ അഗർവാൾ പറയുന്നു. ശ്രീരാമന്റെ ജന്മസ്ഥാനം തന്നെ ഒരു പ്രതിഷ്ഠാ മൂർത്തിയാണെന്നാണ് അദ്ദേഹം പറയുന്നത്. ഇടതടവില്ലാത്ത, നിരന്തരമായ, ആരാധനയുടെ ഫലമായി അത് ഹൈന്ദവ വിശ്വാസത്തിന്റെ ഭാഗമായിത്തീർന്നിട്ടുണ്ടെന്നാണ് അദ്ദേഹം പറയുന്നത്.

1949 ലെ ഹിന്ദു-മുസ്ലീം വഴക്ക് അങ്ങനെ രാഷ്ട്രീയമായി കുത്തിപ്പൊക്കിയതാണെന്ന് നമുക്ക് സിദ്ധിക്കുന്നു. അയോധ്യയിലെ ശവകുടീരങ്ങളെല്ലാം തെമ്മാടികൾ കുത്തി പൊളിച്ച് എടുത്തുകളയുകയാണ് ചെയ്തത്. ഫൈസാബാദിലെ ഒരു ഹോട്ടലിന്റെ ഉടമയായ മുസ്ലീമിനെ അവർ തല്ലിയോടിക്കുക കൂടി ചെയ്തു. ഇങ്ങനെയൊക്കെ കുത്തിപ്പൊക്കിയിട്ടും വർഗ്ഗീയത ആളിക്കത്തിയില്ലെങ്കിൽ അതിന്റെ കാരണം കോൺഗ്രസ്സിന്റെ തലപ്പത്തുള്ളവരിലധികവും ഉദാരമതികളും പുരോഗമനവാദികളുമായിരുന്നു എന്നതിനാലാണ്. മതേതരത്വത്തിൽ തനിക്കുള്ള ദൃഢമായ വിശ്വാസം തുറന്നു പറയുന്നതിൽ നെഹ്റു അശേഷം മടിച്ചില്ല. പാർട്ടിയുടെ പ്രഖ്യാപിത വിശ്വാസ പ്രമാണങ്ങളിൽനിന്നുള്ള പാളിച്ചകൾക്ക് അദ്ദേഹം ന്യായ

---

അണക്കെട്ട് നിലനിൽക്കില്ല. അണക്കെട്ട് നദീമുഖത്തിന്നടുത്താകയാൽ ജലപ്രവാഹം അതിരൂക്ഷമായിരിക്കും എന്ന് ശിവാജി റാവുവും ഹനൂമന്ത റാവുവും ചൂണ്ടിക്കാട്ടുന്നു.

2009 ഒക്ടോബറിൽ ഗോദാവരിക്ക് തൊട്ടു തെക്കുള്ള കൃഷ്ണാ നദിയിലെ ജലപ്രവാഹം സാധാരണ ജലപ്രവാഹത്തിന്റെ മൂന്നിരട്ടിയോളം വന്നു. അവിടെ കർണ്ണൂൽ നഗരം ദിവസങ്ങളോളം വെള്ളത്തിന്നടിയിലായ സംഭവം ശിവജി റാവു ചൂണ്ടിക്കാട്ടുന്നു. പോളാവരത്ത് അണ കെട്ടിയശേഷം ഗോദാവരിയിൽ ഇത്തരത്തിലൊരു ജലപ്രവാഹമുണ്ടായാൽ അണക്കെട്ട് പൊട്ടുമെന്നത് ഏതാണ്ട് ഉറപ്പാണ്. അപ്പോൾ നദീമുഖ മേഖലയിൽ ജീവിക്കുന്ന 45 ലക്ഷം ജനങ്ങൾ ഒന്നിച്ച് മുങ്ങിമരിക്കുമെന്ന് ശിവജി റാവു മുന്നറിയിപ്പു നൽകുന്നു.

ഗവർമ്മേണ്ടിന്റെ ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥന്മാർ ഇതെല്ലാം വെറും ഇമ്പാച്ചിയാണെന്നു പറഞ്ഞ് തള്ളിക്കളയുന്നു. ❑

ങ്ങൾ പറയാറുമില്ല.

അക്കാലത്ത് ആർ.എസ്.എസ്സും പരിവാരങ്ങളും അതീവ ദുർബ്ബലമായിരുന്നു. അവർക്ക് തനിച്ചെന്തെങ്കിലും ചെയ്യാനുള്ള ശേഷിയുണ്ടായിരുന്നില്ല. രാഷ്ട്രീയ പിൻബലമില്ലെങ്കിൽ ഇത്തരം പ്രസ്ഥാനങ്ങളെല്ലാം വേഗം കൊഴിഞ്ഞുപോകുമെന്നതാണ് അനുഭവം. അയോധ്യയിലും അതായിരുന്നു സ്ഥിതി. മസ്ജിദിൽ പ്രതിമ കൊണ്ടുപോയി വച്ചെങ്കിലും അവിടെ പിന്നീട് ഒച്ചയും അനക്കവുമൊന്നുമുണ്ടായിരുന്നില്ല. 1980 കളുടെ അവസാനത്തിലാണ് വിശ്വഹിന്ദു പരിഷത്തും നവജാതമായ ബി.ജെ.പി. യും അയോധ്യയെ ഒരു ബോംബാക്കി മാറ്റാൻ കഴിയുമെന്ന് കണ്ടെത്തിയത്.

ആരും ശ്രദ്ധിക്കാതെ കിടന്നിരുന്ന ഒരു വിഷയത്തെ സ്ഫോടനാത്മകമാക്കിയതെങ്ങനെയെന്നത് അയോധ്യാ കേസുകളുടെ സ്വഭാവത്തിൽനിന്ന് മനസ്സിലാക്കാം. ഒന്നാമത്തെ കേസ് കോടതിയിലെത്തുന്നത് 1950 ലാണ്. ഗോപാൽ സിങ് വിശാരദ് എന്നൊരാൾ ഫൈസാബാദിലെ സിവിൽ കോടതിയിൽ സമർപ്പിച്ച ഹർജിയാണത്. താനൊരു ഭക്തനാണെന്നു പറഞ്ഞുകൊണ്ടുള്ളതായിരുന്നു ഹർജി. മസ്ജിദിൽനിന്ന് പ്രതിമ എടുത്തുമാറ്റുന്നതിന്നെതിരെ ഒരു ഇഞ്ചങ്ഷൻ മാത്രമാണ് അദ്ദേഹം ആവശ്യപ്പെട്ടിരുന്നത്. രണ്ടാമത്തെ കേസും ഇതുപോലെ നനഞ്ഞതായിരുന്നു. തന്മൂലം അതു പിൻവലിച്ചു. മൂന്നാമത്തെ കേസ് നിർമോഹി അഖരവകയായിരുന്നു. 1959 ൽ ഫയൽ ചെയ്ത ഈ കേസ് ഒരു കോമാളിവേഷമാണ് അവതരിപ്പിച്ചത്. ബാബറി മസ്ജിദ് എന്ന ഒന്നുണ്ടായിരുന്നില്ല, ഒരു പള്ളിയും അവിടെ ഉണ്ടായിരുന്നില്ല, പള്ളി പണിയാൻ ശ്രമവും നടന്നിട്ടില്ല, മുമ്പുണ്ടായിരുന്ന ക്ഷേത്രം ബാബറോ മറ്റാരെങ്കിലുമോ പൊളിച്ചിട്ടുമില്ല എന്നൊക്കെയായിരുന്നു അഖരയുടെ വാദം. അനാദികാലം മുതൽക്ക് അവിടെ ക്ഷേത്രം നിലനിന്നിരുന്നു; ശ്രീരാമ വിഗ്രഹം 1949 ൽ പ്രതിഷ്ഠിച്ചതല്ല, പണ്ടേ ഉണ്ടായിരുന്നതാണ്, പുരാതന കാലത്ത് നിലവിൽ വന്നതാണ് അഖര, രാമജന്മഭൂമിയുടേയും ക്ഷേത്രത്തിന്റേയും വിഗ്രഹത്തിന്റേയും ഒരേ ഒരു ഉടമസ്ഥത അഖരക്കാണ് എന്നതായിരുന്നു അതിലെ വാദം.

രാമജന്മഭൂമി എന്ന പ്രദേശത്ത് ഉടമസ്ഥാവകാശം ഉന്നയിച്ചുകൊണ്ട് സമർപ്പിക്കപ്പെട്ട നാലാമത്തെ കേസ് ഫയൽ ചെയ്യപ്പെട്ടത് 1961 ലാണ്. സുന്നി സെൻട്രൽ വഖഫ് ബോർഡാണ് അത് ഫയൽ ചെയ്തത്. മുസ്ലീമുകൾ 1528 മുതൽ പ്രാർത്ഥനക്കുപയോഗിച്ചിരുന്നതാണ് മസ്ജിദ് എന്ന് ആ ഹർജിയിൽ പറയുന്നു. ശ്രീരാമ പ്രതിമ പള്ളിയിൽവച്ച് തങ്ങളുടെ ആരാധനയെ ബലപ്രയോഗത്തിലൂടെ തടഞ്ഞതായും അതിൽ ആരോപിച്ചിട്ടുണ്ട്. 1989 ജൂലായിയിലാണ് അഗർവാൾ അഞ്ചാമത്തേയും അവസാനത്തേയുമായ കേസ് ഫയൽ ചെയ്തത്. അപ്പോഴേക്കും രാഷ്ട്രീയാന്തരീക്ഷമാകെ മാറിക്കഴിഞ്ഞിരുന്നു. ബി.ജെ. പി. ഒരു രാമമന്ദിര പ്രമേയം പാസാക്കിയത് ഇതിന്നൊരു മാസം മുമ്പാണ്. വിശ്വഹിന്ദു പരിഷത്തിന്റെ ഒരു നേതാവാണ് ഈ അവസാന ഹർജി സമർപ്പിച്ചത്. വിക്രമാദിത്യൻ നിർമ്മിച്ച ശ്രീരാമ ക്ഷേത്രം ബാബർ 1528 ൽ തകർത്തുവെന്നായിരുന്നു പരാതി. നിർമോഹി അഖര ഇതിന്നെതിരായി ഒരു സത്യവാങ്മൂലം സമർപ്പിച്ചു. അഗർവാളിന്റെ ഹർജി ദുരുദ്ദേശപൂർവ്വമാണെന്നും അഖരയുടെ മുതൽ തട്ടിയെടുക്കാനായി സമർപ്പിച്ച ഹർജിയാണെന്നതും അതിൽ ആരോപിച്ചിരുന്നു. അഗർവാൾ ഒരു ശ്രീരാമഭക്തനല്ലെന്നും വിശ്വഹിന്ദു പരിഷത്തുകാരനാണെന്നും അതിൽ ചൂണ്ടിക്കാണിച്ചിരുന്നു. ❑



# വിവരാവകാശ നിയമത്തിന്ന് വയസ്സ് അഞ്ചു തികയുമ്പോൾ

- എസ്. വിശ്വനാഥൻ -

**2**005 ലെ വിവരാവകാശ നിയമത്തിന്ന് വയസ്സ് അഞ്ചു തികഞ്ഞു. സ്വതന്ത്ര ഭാരതത്തിൽ പാർലിമെന്റ് പാസാക്കിയ ഏറ്റവും കരുത്തേറിയ നിയമമാണിത്. ഭരണം സുതാര്യവും ഉത്തരവാദിത്വമുള്ളതുമാക്കാൻ ഈ നിയമം സഹായിക്കും. സംസ്ഥാന ഗവർമ്മേണ്ടിൽനിന്നും കേന്ദ്ര ഗവർമ്മേണ്ടിൽനിന്നും ഏതു വിവരവും ചോദിച്ചു വാങ്ങാൻ ഈ നിയമം പൗരന്മർക്ക് അധികാരം നൽകുന്നു. അപൂർവ്വം ചില കാര്യങ്ങൾ മാത്രമേ ഇതിന്റെ പരിധിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ളൂ. ഈ നിയമം ഭരണാധികാരികളെ കൂടുതൽ ഉത്തരവാദിത്വബോധമുള്ളവരാക്കുന്നു. കാര്യജ്ഞാനമുള്ള ഒരു പൗരസഞ്ചയം ജനാധിപത്യത്തിന്നാവശ്യമാണ്. ഗവർമ്മേണ്ടിന്റെ പ്രവർത്തനത്തിന്ന് വിവരങ്ങൾ സുതാര്യമായിരിക്കണം. അഴിമതി നിയന്ത്രിക്കാനും ഭരണാധികാരികളെ ജനങ്ങളോടുത്തരവാദപ്പെട്ടവരാക്കാനും വിവരങ്ങൾ സുതാര്യമാകണം.

അഴിമതി രഹിതവും സംശുദ്ധവുമായ ഒരു ഭരണത്തിന്നായി ദാഹിക്കുന്ന ആയിരക്കണക്കിന്ന് സാമൂഹ്യ പ്രവർത്തകർക്കും രാഷ്ട്രീയ പ്രവർത്തകർക്കും വിവരാവകാശ നിയമം കരുത്തേറിയ ഒരു കരുവാണ്. നിയമ ലംഘകരേയും അഴിമതിക്കാരേയും പൊതുതാൽപര്യ ഹർജികളിലൂടെ കോടതിയിലെത്തിക്കാൻ ഈ വിവരാവകാശ നിയമം സഹായകമായിത്തീരുന്നു. ഇന്ത്യയിൽ അഴിമതി അതിഭീമമായൊരു പ്രശ്നമാണ്. അഴിമതി നിരോധന നിയമപ്രകാരം ചാർജ് ചെയ്യപ്പെട്ട കേസുകളിൽ 25,000 കേസുകളോളം കോടതികളിൽ കെട്ടിക്കിടപ്പുണ്ടെന്നാണ് 2008 ൽ പറഞ്ഞിരുന്നത്. പുതുതായി 200 സ്പെഷൽ കോടതികൾ നിയമിച്ചാൽതന്നെ ഇവ വിചാരണ ചെയ്തു തീർക്കാൻ മൂന്നോ നാലോ കൊല്ലം വേണ്ടിവരുമെന്നാണ് ഒരു പഠനത്തിൽ കണ്ടത്.

സാമൂഹ്യ പ്രവർത്തകർക്കു പുറമെ പത്രപ്രവർത്തകരും ഇപ്പോൾ വിവരാവകാശ നിയമത്തെ വ്യാപകമായി ഉപയോഗപ്പെടുത്തി വരുന്നുണ്ട്. കാര്യങ്ങൾ അന്വേഷിച്ചു ചെല്ലുമ്പോൾ വഴിമുട്ടി നിൽക്കേണ്ടി വരുന്ന പത്രപ്രവർത്തകർ ഇപ്പോൾ വിവരാവകാശ നിയമത്തിലൂടെ അറിയേണ്ടതെല്ലാം നേടിയെടുക്കുന്നു.

ഇങ്ങനെയെല്ലാമാണെങ്കിലും വിവരാവകാശ നിയമത്തിന്റെ സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ നമുക്കിനിയും കഴിഞ്ഞിട്ടില്ല. നിയമത്തിലെ നാലാം വകുപ്പ് അനുശാസിക്കുന്നതുപോലെ അപേക്ഷകർ ആവശ്യപ്പെട്ട വിവരങ്ങൾ യഥാസമയം നൽകുന്നുണ്ടോ എന്നു നോക്കാൻ സംവിധാനമില്ലെന്നത് ഒരു പ്രശ്നമാണെന്ന് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ ഈയിടെ ഒരു സെമിനാറിൽ സമ്മതിക്കുകയുണ്ടായി. നിക്ഷിപ്ത താല്പര്യക്കാരെ നേരിടാൻ വിവരാവകാശ നിയമത്തെ ഉപയോഗപ്പെടുത്തുന്നവരുടെ ജീവന്നു നേരെ ഉയർന്നു വരുന്ന ഭീഷണിയാണ് മറ്റൊരു പ്രശ്നം. ഈ ഭീഷണിയെ നേരിടാൻ സാമൂഹ്യ പ്രവർത്തകർ ഒരു സംവിധാനം ഉണ്ടാക്കേണ്ടതുണ്ടെന്ന് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ നിർദ്ദേശിച്ചു. വിവരാവകാശം പ്രയോജനപ്പെടുത്തി. അഴിമതി പുറത്തുകൊ

ണ്ടുവരാൻ ശ്രമിച്ച എട്ടു പൊതുപ്രവർത്തകർ കഴിഞ്ഞ എട്ടുമാസത്തിന്നിടയിൽ വധിക്കപ്പെട്ടിട്ടുണ്ട്.

വിവരാവകാശ നിയമത്തെ ഉപയോഗപ്പെടുത്തുന്നവരുടെ സംരക്ഷണത്തിന്നായി ഒരു നിയമ നിർമ്മാണത്തിന്ന് ഉദ്ദേശിക്കുന്നുണ്ടെന്ന് കേന്ദ്ര നിയമകാര്യ മന്ത്രി വീരപ്പ മൊയ്‌ലി ഈയിടെ പറയുകയുണ്ടായി. അഴിമതി പുറത്തുകൊണ്ടുവരുന്നവരുടെ വ്യക്തിത്വം രഹസ്യമായി സൂക്ഷിക്കാനുള്ള ചുമതല ചീഫ് ഇൻഫർമേഷൻ കമ്മീഷണർക്കാക്കാനും പ്ലാനുണ്ട്.

വിവരാവകാശ നിയമം ഉപയോഗപ്പെടുത്തി അഴിമതിക്കെതിരെ പോരാടിയതിന്ന് സ്വന്തം ജീവൻ ബലയർപ്പിക്കേണ്ടി വന്നവരിൽ ഏറ്റവും ഒടുവിലത്തെ ആളാണ് രാംദാസ് ഘഢേഗവക്കർ. മഹാരാഷ്ട്രത്തിലെ നന്ദേട് ജില്ലയിലെ ശിവസേനാ നേതാവായിരുന്നു ഇദ്ദേഹം കഴിഞ്ഞ ആഗസ്ത് 27ന്ന് ഇദ്ദേഹത്തിന്റെ മൃതദേഹം ദുരൂഹസാഹചര്യങ്ങളിൽ കണ്ടെത്തി. വിവരാവകാശ നിയമം ഉപയോഗിച്ച് ഒട്ടേറെ അഴിമതികൾ പുറത്തുകൊണ്ടുവന്ന ആളാണ് രാംദാസ്. പൊതു വിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യേണ്ട ധാന്യങ്ങളും മണ്ണെണ്ണയുമെല്ലാം മറിച്ചുവിറ്റ് പോക്കറ്റ് വീർപ്പിക്കുന്നവരെ ഇദ്ദേഹം വേട്ടയാടി വരികയായിരുന്നു. നിയമവിരുദ്ധമായി മണൽവാരി കച്ചവടം നടത്തുന്നവരേയും ഇദ്ദേഹം പുറത്തുകൊണ്ടുവന്നു. ഇതെല്ലാമായിരിക്കണം അദ്ദേഹത്തിന്റെ വധത്തിന്നു കാരണം.

ഇതിന്നൊരുമാസം മുമ്പ് ജൂലായ് 20ന്ന് ഒരു പരിസ്ഥിതി പ്രവർത്തകനായ അമിത് ജേത്വയെ ഗുജറാത്ത് ഹൈക്കോടതിക്കു മുന്നിൽവച്ച് അജ്ഞാതനായ ഒരാൾ വെടിവച്ചു കൊന്നു. ഗീർവനത്തിൽ അനധികൃതമായി നടത്തുന്ന ഖനനത്തിന്നെതിരായ പ്രവർത്തനമാണ് ഇതിന്നു കാരണമെന്നും കരുതപ്പെടുന്നു.

സൂറത്തിൽ പോലീസുമായി ബന്ധപ്പെട്ട പലർക്കും നിയമവിരുദ്ധമായി എലക്ട്രിക് കണക്ഷൻ നൽകിയിട്ടുണ്ട്. സൂറത്തിലെ ഒരു കച്ചവടക്കാരനായ വിക്രം ലക്ഷ്മൺ വിവരാവകാശ നിയമപ്രകാരം ഒരപേക്ഷ കൊടുത്തു. ആർക്കെല്ലാം എന്നെല്ലാം എലക്ട്രിക് കണക്ഷൻ നൽകി എന്നതിന്റെ വിവരങ്ങളാണ് അദ്ദേഹം ആവശ്യപ്പെട്ടത്. ഇതിന്നു ഉത്തരം നൽകിയാൽ പോലീസും വൈദ്യുത ജീവനക്കാരും തമ്മിൽ നടത്തുന്ന ഒത്തുകളി പുറത്തു വരും. അതൊഴിവാക്കാൻ പോലീസുകാർ വിക്രമിനെ പോലിസ് സ്റ്റേഷനിൽ വിളിച്ചുവരുത്തുകയും വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷ പിൻവലിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ വിക്രം വഴങ്ങിയില്ല. വിക്രം വീട്ടിലേക്ക് മടങ്ങുന്ന സമയത്ത് ആരോ അദ്ദേഹത്തെ വെടിവച്ചു കൊന്നു.

പത്തുകൊല്ലം മുമ്പ് മുംബായ്-പൂന എക്സ്പ്രസ് ഹൈവേയുടെ പണി നടക്കുന്ന കാലത്ത് ഒരു പാട് ഭൂമി കുംഭകോണങ്ങൾ നടന്നിരുന്നു. സതീശ് ഷെട്ടി എന്നൊരാൾ അത് വിവാദ വിഷയമാക്കിയിരുന്നു. ഈയിടെ വിവരാവകാശ നിയമം പ്രാബല്യത്തിൽ വന്നപ്പോൾ സതീശ് പഴയ ഭൂമികുംഭകോണങ്ങളുടെ വിവരം ആരാഞ്ഞു. ഇതിനെത്തുടർന്ന് സതീശിന്നും കുടുംബത്തിന്നുമെതിരെ പല ഭീഷണികളും ഉയർന്നുവന്നു. പക്ഷെ സതീശ് അതൊന്നും കാര്യമാക്കിയില്ല. കഴിഞ്ഞ ജനുവരി 13ന്ന് സതീശ് പ്രഭാത സവാരിക്ക് ഇറങ്ങിയ സമയത്ത് അദ്ദേഹത്തെ ചിലർ വധിച്ചു.

സമീപകാലത്ത് സമീപ പ്രദേശങ്ങളിൽ ഉണ്ടായ കൊലപാതകങ്ങളുടെ വിവരം മാത്രമാണിത്. ഇവയ്ക്കു പുറമെ വേറേയും പല കൊലപാതക ➡



# ഇത് ഭരണഘടനാ ധ്വംസനമാണ്

തൊഴിലവകാശ നിയമപ്രകാരം നൽകുന്ന വേതനം മിനിമം വേതനത്തേക്കാൾ കുറഞ്ഞിരിക്കുന്നുവെന്നതിൽ മനോവേദന പ്രകടിപ്പിച്ചുകൊണ്ട് പതിനാല് പ്രഗത്ഭ നിയമജ്ഞന്മാർ ചേർന്ന് ഒരു തുറന്ന പ്രസ്താവന ഇറക്കിയിരിക്കുന്നു. ഇത് അടിമവേലയെ ശാശ്വതീകരിക്കുന്ന നടപടിയാണെന്ന് അവർ താക്കീത് നൽകിയിട്ടുമുണ്ട്.

സുപ്രീം കോടതിയിൽ നിന്നും റിട്ടയർ ചെയ്ത ജഡ്ജിമാരടക്കമുള്ള നിയമജ്ഞർ പുറപ്പെടുവിച്ചിരിക്കുന്ന പ്രസ്താവനയിൽ സർക്കാർ തന്നെ മിനിമം വേതന നിയമം ലംഘിക്കുന്നുവെന്നത് വിഭാവനാതീതമാണെന്നു പറയുന്നു.

തൊഴിലവകാശ വേതനത്തെ മിനിമം വേജസ് നിയമത്തിന്നതീതമാക്കുന്ന നടപടി ഭരണഘടനാവിരുദ്ധമാണെന്ന് അവർ ചൂണ്ടിക്കാട്ടുന്നു. മിനിമം വേതന നിയമത്തെ അട്ടിമറിക്കുന്ന ഒന്നാണ് സർക്കാരിന്റെ നടപടി. സുപ്രീം കോടതി "അടിമവേല" എന്നു വിശേഷിപ്പിച്ച നടപടിയെ ഗവർമ്മേണ്ട് നിയമ വിധേയമാക്കുകയാണ് ചെയ്യുന്നത്.

മിനിമം വേതനം നൽകാതെ പണിയെടുപ്പിക്കുന്നത് അടിമ വേലയാണെന്ന് സുപ്രീം കോടതി മൂന്നു കേസുകളിൽ വിധിച്ചിട്ടുള്ളതാണ്. മിനിമം വേതനത്തേക്കാൾ കുറഞ്ഞ വേതനം നൽകുന്നത് ഭരണഘടനാ വിരുദ്ധമാണെന്ന് ആന്ധ്രാ ഹൈക്കോടതി വിധിച്ചിട്ടും ഗവർമ്മേണ്ടിന്ന് കൂസലില്ലെന്നതിൽ നിയമജ്ഞർ അത്ഭുതം പ്രകടിപ്പിച്ചു.

ജ. വി.ആർ. കൃഷ്ണയ്യർ (റിട്ടയർ ചെയ്ത സുപ്രീം കോടതി ജഡ്ജി), ജ. എം.എൻ. വെങ്കടാജലയ്യ (മുൻ ഇന്ത്യൻ ചീഫ് ജസ്റ്റീസ്), ജ. പി.ബി. സാവന്ത് (മുൻ സുപ്രീം കോടതി ജഡ്ജി), ജ. എ. പി. ഷാ (മുൻ ദൽഹി ചീഫ് ജസ്റ്റീസ്), ജ. കെ. രാമസ്വാമി (മുൻ സുപ്രീം കോടതി ജഡ്ജി), ജ. വി.എസ് ദാവെ (രാജസ്ഥാൻ ഹൈക്കോടതിയിൽ നിന്ന് റിട്ടയർ ചെയ്ത ജഡ്ജി), ഫാലി എസ്. നരിമാൻ (സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകൻ), സന്തോഷ് ഹെഗ്ഡെ (മുൻ സോളിസിറ്റർ ജനറൽ), കമീനി ജയസ്വാൾ (സുപ്രീം കോടതി സീനിയർ അഭിഭാഷകൻ), രാജീവ് ധവാൻ (സുപ്രീം കോടതി സീനിയർ അഭിഭാഷകൻ), ഡോ. മോഹൻ ഗോപാൽ (നാഷനൽ ലോ സ്കൂളിന്റെ മുൻ ഡയറക്ടർ), പ്രശാന്ത് ഭൂഷൺ (പ്രമുഖ പൗരസ്വാതന്ത്ര്യ അഭിഭാഷകൻ), ഉപേന്ദ്ര ഭക്ഷി (ദൽഹി യൂണിവേഴ്സിറ്റി ലോ പ്രൊഫസർ), വൃന്ദ ഗ്രോവർ (പ്രമുഖ അഭിഭാഷക) എന്നിവരാണ് ഇതിൽ ഒപ്പുവച്ചിരിക്കുന്നത്. ❑

---

ങ്ങളും നടന്നിട്ടുണ്ട്. ഒട്ടേറെ പൊതുപ്രവർത്തകർ ആക്രമണത്തിന്നിരയായിട്ടുണ്ട്. അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരും പോലീസും ഒരു വശത്തും രാഷ്ട്രീയക്കാരും മാഫിയകളും മറുവശത്തുമായി പടുത്തുയർത്തപ്പെട്ടിരിക്കുന്ന ആപൽക്കരമായ സ്ഥിതിവിശേഷത്തിലേക്ക് വിരൽ ചൂണ്ടുന്ന ചില സംഭവങ്ങൾ മാത്രമാണിവ. ഇത്തരം സാഹസങ്ങൾക്കിറങ്ങുന്ന പൊതുപ്രവർത്തകരെ സംരക്ഷിക്കുന്നതിന്നുള്ള ഉത്തരവാദിത്വത്തിൽനിന്ന് സംസ്ഥാന ഗവർമ്മേണ്ടുകൾക്കോ കേന്ദ്ര ഗവർമ്മേണ്ടിനോ ഒഴിഞ്ഞു മാറാനാവില്ല.

ഇത്തരം കേസുകളും പ്രശ്നങ്ങളും പൊതുജന ശ്രദ്ധയിൽ കൊണ്ടുവരുന്നതിൽ വാർത്താ മാധ്യമങ്ങൾ - പ്രത്യേകിച്ചും ടെലിവിഷൻ- നല്ലൊരു പങ്കുവഹിച്ചിട്ടുണ്ട്. പക്ഷെ അത് വികസിതമാകേണ്ടിയിരിക്കുന്നു. ❑

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 27-11-2010

# “ബ്രേക്കിങ് ദ സൈലൻസ്”

ഇസ്രേലി സൈന്യം പാലസ്തീൻകാരോട് കാണിക്കുന്ന അതിക്രമങ്ങളിൽ മനോവേദനയനുഭവിക്കുന്ന ചില ഇസ്രേലി ഭടന്മാർ “അറിഞ്ഞിരിക്കേണ്ട രഹസ്യം” (BREAKING THE SILENCE) എന്ന പേരിൽ ഒരു പ്രസ്ഥാനം ആരംഭിച്ചിരിക്കുന്നു.

കണ്ണുമൂടിക്കെട്ടിയ ഒരു പാലസ്തീൻകാരനെ രണ്ടു ഇസ്രേലി ഭടന്മാർ പിടിച്ചു നിർത്തുകയും ഒരാൾ തന്റെ യന്ത്രത്തോക്ക പലസ്തീൻകാരന്റെ മുഖത്തിന്നുനേരെ ചൂണ്ടുകയും ചെയ്യുന്നതിന്റെ ചിത്രമാണ് ഇവർ ഏറ്റവും ഒടുവിൽ പുറത്തുവിട്ടിരിക്കുന്നത്. ഫോട്ടോവിൽ ഇസ്രേലി ഭടന്മാരുടെ മുഖം വ്യക്തമല്ല.

ഇസ്രേലി ഭടന്മാർ പലസ്തീൻകാരോട് അതിക്രമങ്ങൾ കാണിക്കുന്നുവെന്ന ആരോപണം ശരിയല്ലെന്ന ഇസ്രേലി സൈന്യത്തിന്റെ പ്രസ്ഥാവനയുടെ പൊള്ളത്തരം തുറന്നു കാണിക്കാനാണ് തങ്ങൾ ഈ ഫോട്ടോ പുറത്തുവിടുന്നതെന്ന് രഹസ്യ പ്രസ്ഥാനക്കാർ പറയുന്നു.

ഇസ്രേലി ഭടന്മാർ ഇങ്ങനെയൊക്കെ പെരുമാറുന്നത് സാധാരണയാണെന്ന് തെളിയിക്കാൻ തങ്ങൾ ഇനിയും ചിത്രങ്ങൾ പുറത്തുവിടുമെന്ന് പ്രസ്ഥാനക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്നുമുമ്പും ഇവർ ചിത്രങ്ങൾ പുറത്തുവിടാറുണ്ട്. പട്ടാളം അതെല്ലാം നിഷേധിക്കുകയാണ് പതിവ്.

ഫോട്ടോ ആധികാരികമാണോ എന്നു പറയാനാവില്ല. എന്നാൽ പ്രസ്ഥാനക്കാർ മുമ്പു പുറത്തുവിട്ട ചിത്രങ്ങളുമായി വളരെ യോജിക്കുന്നതാണ് പുതിയ ചിത്രം. തങ്ങൾക്ക് ഈ ചിത്രം കിട്ടിയത് രണ്ടാഴ്ച മുമ്പാണെന്ന് പ്രസ്ഥാനക്കാരുടെ വക്താവായ യഹൂദ ഷോൾ പറഞ്ഞു. പക്ഷെ ചിത്രത്തിന്നു രണ്ടുകൊല്ലത്തെ പഴക്കമുണ്ടെന്നു പറയുന്നു. അത് ശരിയാണോ എന്നു പറയാൻ തനിക്കാവില്ലെന്ന് ഷോൾ പ്രസ്താവിച്ചു.

സൈനിക സേവനം അവസാനിപ്പിച്ച ഒരു ഇസ്രേലി യുവതി അവരുടെ ഒരു സ്വന്തം ചിത്രം പുറത്തു വിട്ടിരുന്നു. സൈനിക യൂനിഫോം ധരിച്ച യുവതി പലസ്തീൻ തടവുകാർക്ക് കാവൽ നിൽക്കുന്ന ഫോട്ടോ ആയിരുന്നു അത്. തടവുകാരുടെ കണ്ണു മൂടിക്കെട്ടിയിരുന്നു. കയ്യാമം വയ്ക്കപ്പെട്ട നിലയിലായിരുന്നു തടവുകാർ.

അതിക്രമം നടന്നിട്ടുണ്ടെങ്കിൽ, അത് തങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന്നു പകരം അതിന്റെ ഫോട്ടോ പ്രസിദ്ധീകരിച്ചതിൽ ഇസ്രേലി സൈനികാധികൃതർ ഖേദം പ്രകടിപ്പിച്ചു. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.